കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി10-1682/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്.

തീയതി: 16.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:1) ഡയറക്ടർകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി10-1682/2017 തിയ്യതി: 16.09.2017

# പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 9-12-2016 മുതൽ 20-8-2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | വി.എം.രതീഷ് കുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21-8-2017 മുതൽ 31-8-2017 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സി.രാജേശ്വരി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. അനിതാ പോൾസൺ | 1-4-2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | ശ്രീ.ടി.കണ്ണൻ | 1-4-2016 മുതൽ 16-9-2016 വരെ & 22-9-2016 മുതൽ 31-3-2017 വരെ |
| | ശ്രീ.കെ.നാരായണൻ, അസി.സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 17-9-2016 മുതൽ 21-9-2016 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.രശ്മി.എം.വി | 1-4-2016 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ - 1 | ശ്രീ.ശിവദാസൻ.കെ.വി | 1-4-2016 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ - 2 | ശ്രീ.ശിവദാസൻ.കെ.വി | 1-4-2016 മുതൽ 31-3-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.പാത്തുമ്മത്ത് സുഹറാ ബീബീ | 1-4-2016 മുതൽ 31-3-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.അനൂപ്.കെ.എം | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.മജീഷ് ആന്റണി | 1-4-2016 മുതൽ വരെ 15-9-2016 വരെ |
| | ഡോ.ജയന്ത്.വി.ആർ | 16-9-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.യു.രാമദാസൻ | 1-4-2016 മുതൽ 31-1-2017 വരെ |
| | ഡോ.എ.വി.അരവിന്ദ് | 1-2-2017 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.വി.എസ്.സുനിൽ രാജ് | 1-4-2016 മുതൽ 31-3-2017 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ഡോ.വി.എം.സുകുമാരൻ | 1-4-2016 മുതൽ 31-3-2017 വരെ |
| എച്ച്.എം | ശ്രീമതി.ജോളി ആന്റോ | 1-4-2016 മുതൽ 31-3-2017 വരെ |
| അസി.സെക്രട്ടറി | ശ്രീ.കെ.നാരായണൻ | 1-4-2016 മുതൽ 8-2-2017 വരെ |

| | | |
|---|---|---|
| | ശ്രീ.ജി.ഹരിദാസ് | 9-2-2017 മുതൽ<br>31-3-2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. മീനു റസ്സൽ | 1-4-2016 മുതൽ<br>31-3-2017 വരെ |

## ഉള്ളടക്കം

### ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | അനുബന്ധ പത്രിക | 1-11 |

### ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.(ബി) നിർവ്വഹണാധികാരികൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വസ്തു നികുതി നിർണ്ണയത്തിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 2-1 |
| 2 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-2 |
| 3 | വിനോദ നികുതി സെസ്സ് സമാഹരണം നടത്തിയതിൽ അപാകത | 2-3 |
| 4 | റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന സ്രോതസ്സുകളുടെ സാധ്യത പരിശോധിക്കേണ്ടതാണ് | 2-4 |
| 5 | ഡി&ഒ ലൈസൻസ് - പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളുടെ എണ്ണത്തിലെ കൃത്യത പരിശോധിക്കേണ്ടതാണ് | 2-5 |
| 6 | സെന്റ്മേരീസ് പോളിടെക്നിക് കോളേജ് കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ച് വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ് | 2-6 |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | കുടിവെള്ള പദ്ധതികളുടെ പരിപാലനം കാര്യക്ഷമമാക്കി ഗ്രാമപഞ്ചായത്തിന്റെ ബാധ്യത ലഘൂകരിക്കേണ്ടതാണ് | 3-1 |
| 2 | ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കി വൈദ്യുതി ചാർജ്ജ് കുറവു ചെയ്യേണ്ടതാണ് | 3-2 |
| 3 | അസാധാരണ ചെലവുകൾ നടത്തുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ് | 3-3 |
| 4 | ഇ-ടോയ്‌ലറ്റുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ് | 3-4 |
| 5 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 3-5 |
| 6 | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി പൂർത്തീകരിക്കേണ്ടതാണ് | 3-6 |
| 7 | ടെണ്ടർ ക്ഷണിച്ചതിനു ശേഷം അടങ്കൽ തുക മാറ്റി നിശ്ചയിക്കുന്നത് ഒഴിവാക്കേണ്ടതാണ് | 3-7 |
| 8 | പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ച സോളാർ പ്ലാന്റ് പ്രവർത്തനക്ഷമമായില്ല - ലക്ഷങ്ങളുടെ നഷ്ടം - തുടർനടപടികൾ ആവശ്യപ്പെടുന്നു | 3-8 |
| 9 | ഖരമാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി തുടർപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ് | 3-9 |
| 10 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കേണ്ടതാണ് | 3-10 |
| 11 | കുടുംബശ്രീ മുഖേയനുള്ള പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതാണ് | 3-11 |
| 12 | മാനസിക രോഗികൾക്കുള്ള മരുന്ന് വാങ്ങി നല്കൽ -സമയബന്ധിതമായി മരുന്ന് ലഭ്യമായില്ല -പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല | 3-12 |
| 13 | പാലിയേറ്റീവ് പരിചരണ പരിപാടി - അവലോകനം | 3-13 |
| 14 | ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല | 3-14 |
| 15 | വെളിയിട വിസർജ്ജന വിമുക്ത ഗ്രാമ പദ്ധതി (ODF)- പ്രവർത്തനങ്ങളുടെ അവലോകനം | 3-15 |
| 16 | അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ് | 3-16 |
| 17 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി നടത്തിപ്പ്-അവലോകനം | 3-17 |
| 18 | കരാറുകാർക്ക് ടാർ വാങ്ങി നൽകുന്നതിനായി എണ്ണ കമ്പനികൾക്ക് നൽകിയ തുകകൾ ക്രമീകരിക്കേണ്ടതാണ് | 3-18 |

| | | |
|---|---|---|
| 19 | വിവിധ പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫോറങ്ങളുടെ വില ജില്ലാ പഞ്ചായത്തിൽനിന്നും പഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ് | 3-19 |
| 20 | മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനസൃത പിഴ ഈടാക്കിയില്ല | 3-20 |
| 21 | എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയത് ക്രമപ്രകാരമല്ല | 3-21 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |

# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29-3-2016 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 128226000 രൂപയും ചെലവ് 140535000 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2016-17 | 31-7-2017 | 3-7-2017 | - | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2016-17 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11125990 |
| വരവ് | 87849582 |
| ആകെ | 98975572 |
| ചെലവ് | 88633032 |
| നീക്കിയിരിപ്പ് | 10342540 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13192647 | 13192647 | 13192647 | 0 |
| വികസനഫണ്ട് എസ്.സി.പി | 0 | 5438744 | 5438744 | 5438744 | 0 |
| വികസനഫണ്ട് ടി.എസ്.പി | 0 | 50000 | 50000 | 50000 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 9450479 | 9450479 | 9450479 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 1546000 | 1546000 | 1546000 | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3270296 | 3270296 | 3270296 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3297093 | 3297093 | 3297093 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 886 | 34957597 | 34958483 | 34958483 | 0 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 50773715 | 50773715 | 50773715 | 0 |

# 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 208 | 90716029 | 127 | 52866332 | - | 81 | 58 |

2016-17 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 61% പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 58 % മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 5632484 | 3817277 | 68 |
| വെറ്ററിനറി സർജ്ജൻ | 2 | 2 | 60000 | 58950 | 98 |
| മെഡിക്കൽ ഓഫീസർ-CHC | 4 | 4 | 780000 | 534841 | 69 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീസർ-ISM | 2 | 2 | 660000 | 655700 | 99 |
| വി.ഇ.ഒ - 1 | 1 | 1 | 1260000 | 980000 | 78 |
| വി.ഇ.ഒ - 2 | 4 | 3 | 5381400 | 5161400 | 96 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 3 | 4321600 | 3267025 | 76 |
| സെക്രട്ടറി | 34 | 22 | 14059577 | 9528707 | 68 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 126 | 71 | 46912274 | 22262721 | 47 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 750000 | 747025 | 100 |
| എച്ച്.എം | 3 | 3 | 997995 | 997086 | 100 |
| അസി.സെക്രട്ടറി | 18 | 6 | 9750699 | 4705600 | 48 |
| ആകെ | 208 | 127 | 90716029 | 52866332 | 58 |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വ്യത്യാസം | വർദ്ധനവ് ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 9045333 | 13581362 | 4536029 | (+)50 |
| നികുതിയേതര വരവുകൾ | 4342932 | 9569746 | 5226814 | (+)120 |
| ആകെ | 13388265 | 23151108 | 9762843 | (+)73 |

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | തീരുമാനം എടുത്തതിൽ നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 47 | 47 | 18 |
| 2 | തൊഴിൽ രഹിത വേതനം | 54 | 54 | 22 |
| 3 | വിധവാ പെൻഷൻ | 108 | 108 | 13 |
| 4 | വികലാംഗ പെൻഷൻ | 29 | 29 | 9 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 11 | 11 | 4 |
| 6 | വാർദ്ധക്യകാല പെൻഷൻ | 756 | 756 | 141 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-8-2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 130205 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 17-8-2017 | 7/2017 | റിപ്പോർട്ട് ലഭ്യമായിട്ടില്ല | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2-1-2006 മുതൽ 14-2-2006 | 1997-98 മുതൽ 2004-05 | 31-3-2006 | - |

## 1-11 അനുബന്ധ പത്രിക

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. 2015-16, 2016-17 വർഷങ്ങളിലെ വികസന ഫണ്ട്, മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം വിലയിരുത്തൽ

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയത്തിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

1. വസ്തു നികുതി ഡിമാന്റ്-അരിയർ ഡിമാന്റ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകൾ

| കളക്ഷൻ | | ബാലൻസ് | |
|---|---|---|---|
| കുടിശ്ശിക | തൻവർഷം നികുതി | കുടിശ്ശിക | തൻവർഷം |
| 3316359 | 4439527 | 2038003 | 2140324 |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കണക്കുകൾ

| കളക്ഷൻ | | ബാലൻസ് | |
|---|---|---|---|
| കുടിശ്ശിക | തൻവർഷം നികുതി | കുടിശ്ശിക | തൻവർഷം |
| 3300722 | 4398887 | 2920654 | 1771529 |

വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്

2016-17 വർഷത്തെ കണക്കുകൾ പ്രകാരം വസ്തു നികുതി ഇനത്തിൽ 4178327 രൂപ കുടിശ്ശികയുണ്ട്. വസ്തുനികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകളുടെ പരിശോധനയിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ധാരാളം വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള കെട്ടിട ഉടമകൾ വൻ തുക കുടിശ്ശിക വരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ | കെട്ടിട നം. | ഉടമസ്ഥൻ/സ്ഥാപനം | കുടിശ്ശിക |
|---|---|---|---|

| നം. | | | |
|---|---|---|---|
| 1 | 15/710 | ശ്രീമതി.സതീദേവി, തങ്കം തിയ്യറ്റർ | 54260 |
| 2 | 12/843, 12/844, 12/858 to 12/861 12/878 to 12/889 | ശ്രീ.നിസാമുദ്ദീൻ, ഷാ ടവർ | 278741 |
| 3 | 13/563 | സീതാരാമാ കല്യാണമണ്ഡപം | 50871 |
| 4 | 9/489, 9/490 | സെബാസ്റ്റ്യൻ ആന്റണി, മലബാർ ക്ലബ് | 90720 |
| 5 | 6/526 | അബ്ദുൾ റഷീദ്, രാജാ ഐലന്റ് | 41204 |
| 6 | 10/348 to 351, 10/355 | മിനി ഇൻഡസ്ട്രീസ് | 37442 |

കുടിശ്ശിക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.14, തിയതി – 26-08-2017 നുള്ള മറുപടിയിൽ കുടിശ്ശിക വരുത്തിയവർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.
ഗ്രാമപഞ്ചായത്ത് ജീവനക്കാർ, ഭരണസമിതി എന്നിവരുടെ കൂട്ടായ സഹകരണത്തോടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റാ എൻട്രിയിലെ കൃത്യത പരിശോധിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്റർ, ഫോം 6 എന്നിവയുടെ പരിശോധനയിൽ 100 ച.മീറ്ററിൽ അധികം തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് 100 ച.മീറ്ററിൽ താഴെയുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ മുതലായവയുടെ ഉപയോഗക്രമം രേഖപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | തറവിസ്തീർണ്ണം (ച.മീ) | ഫോം 6 പ്രകാരം രേഖപ്പെടുത്തിയ ഉപയോഗക്രമം |
|---|---|---|---|
| 1 | 6/526 | 218 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ......... |
| 2 | 6/525 | 218 | |
| 3 | 8/3 | 201 | |
| 4 | 9/521 | 265 | |
| 5 | 9/618 | 193 | |

ഓഡിറ്റ് നിരീക്ഷണങ്ങൾ

വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ....

എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയും വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ ന മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, .... എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 60 രൂപയുമാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. പഴയ നികുതി വളരെ കുറവായതിനാലും വർദ്ധനവ് 100 ശതമാനത്തിൽ പരിമിതപ്പെടുത്തിയിട്ടുള്ളതിനാലും പഴയ കെട്ടിടങ്ങളുടെ കാര്യത്തിൽ നഷ്ടം ഉണ്ടാവാൻ സാധ്യത കുറവാണെങ്കിലും പുതിയതായി നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് ഇത്തരത്തിൽ തെറ്റായ രീതിയിൽ ഉപയോഗക്രമം രേഖപ്പെടുത്തിയാൽ വസ്തു നികുതി ഇനത്തിൽ നഷ്ടം ഉണ്ടാകുന്നതാണ്.

ചില കെട്ടിടങ്ങളുടെ ഫോം 6 ലെ വസ്തുനികുതി നിർണ്ണയ വിവരങ്ങളിൽ, പഴയ നികുതിയുടെ കോളത്തിൽ നിലവിൽ നിർണ്ണയിച്ചിട്ടുള്ള നികുതി തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാ: 9/618, 2/85

വർദ്ധനവും പരിമിതപ്പെടുത്തലുകളും പഴയ നികുതി അടിസ്ഥാനമാക്കിയാണ് നിർണ്ണയിക്കുന്നത് എന്നതിനാൽ സഞ്ചയയിൽ ഇത്തരത്തിൽ തെറ്റായ വിവരങ്ങൾ ചേർക്കുന്നത് വസ്തു നികുതി നിർണ്ണയത്തെ ബാധിക്കുന്നുണ്ട്.

സ.ഉ(എം.എസ്)നം.358/2015/ത.സ്വ.ഭ.വ തിയതി 16-12-2015 പ്രകാരം വസ്തു നികുതി നിർണ്ണയ പുന:ക്രമീകരണ നടപടികൾ പരാതികൾക്കും ആക്ഷേപങ്ങൾക്കും ഇടനൽകാതെ 30-12-2015 നകം പൂർത്തിയാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയതിന ശേഷവും മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകതകൾ പരിഹക്കപ്പെട്ടിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം.14 തിയതി 26-08-2017 തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

സഞ്ചയയിലെ ഡാറ്റാ എൻട്രിയിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഗാർഹിക/വാണിജ്യ കെട്ടിടങ്ങളെ ഗ്രാമപഞ്ചായത്ത് തീരുമാനിച്ച നിരക്കിൽ നികുതി ചുമത്തി ആവർത്തന നഷ്ടം പരിഹരിക്കേണ്ടതാണ്.

## **2-2** <u>മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 9 മൊബൈൽ ടവറുകളിൽ 7 എണ്ണത്തിന്റെ വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 302509 രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം | ടവറിന്റെ ഉടമ | നിർണ്ണയിച്ച വസ്തുനികുതി | വസ്തു നികുതി കുടിശ്ശിക/ ഏതു വർഷം മുതൽ |
|---|---|---|---|---|
| 1 | 6/45 വട്ടുകൻതൊടി | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 14438 | 57752 (2013-14) |

| | | | | |
|---|---|---|---|---|
| 2 | 10/169 മിച്ചാരംകോട് | ഇൻഡസ് ടവർ | 5670 | 11340 (2015-16) |
| 3 | 12/312 മന്ദം | ഡബ്ല്യൂ.ടി.ടി ലിമിറ്റഡ് | 13125 | 13125 (2016-17) |
| 4 | 12/381 മന്ദം | റിലയൻസ് | 14438 | 57752 (2013-14) |
| 5 | 15/1007 പള്ളിക്കാട് | എസ്സാർ ടെലികോം ഇൻഫ്രാസ്ടക്ച്ചർ | 27090 | 108360 (2013-14) |
| 6 | 19/438 പന്നിയങ്കര | ബി.എസ്.എൻ.എൽ | 5040 | 20160(2013-14) |
| 7 | 19/703 പന്നിയങ്കര | റിലയൻസ് ജിയോ ഇൻഫോടെക് ലിമിറ്റഡ് | 8505 | 34020(2013-14) |
| ആകെ | | | 302509 | |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളുടെ പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തു നികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. പെർമിറ്റ് കൂടാതെ നിർമ്മാണം പൂർത്തിയായവയുടെ കാര്യത്തിൽ നിർദ്ദിഷ്ട റെഗുലറൈസേഷൻ ഫീ ഈടാക്കേണ്ടതാണ്.

മൊബൈൽ ടെലിഫോൺ ടവറിന് സ.ഉ(അ)നം.19/2011/ത.സ്വ.ഭ.വ തിയതി 14-1-2011 പ്രകാരമുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 500 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ടവറുകളുടെ വസ്തുനികുതി യഥാസമയം ഈടാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം പരിഹരിക്കുന്നതിനായി ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും കൂട്ടായ ശ്രമം ഉണ്ടാകേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.5 തിയതി-24-08-2017)

## 2-3 വിനോദ നികുതി സെസ്സ് സമാഹരണം നടത്തിയതിൽ

## അപാകത

ഓഡിറ്റ് വ്രഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 3 തിയ്യേറ്ററുകളാണ് പ്രവർത്തിച്ചിരുന്നത്. വിനോദ നികുതി ഡിമാന്റ് രജിസ്റ്റർ, ടിക്കറ്റ് സീൽഡ് രജിസ്റ്റർ, ഡി.സി.ആർ എന്നിവയുടെ പരിശോധനയിന്മേൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

തിയ്യറ്റർ ഉടമകളിൽ നിന്നും സെസ്സ് തുക സമാഹരിച്ചിട്ടില്ല

സർക്കുലർ നം. 9902/ആർ.ഡി3-2013/ത.സ്വ.ഭ.വ തിയതി 14-5-2013 പ്രകാരം വിനോദ നികുതിയോടൊപ്പം 25 രൂപയിൽ കുറയാത്ത ടിക്കറ്റിന്മേൽ 3 രൂപ നിരക്കിൽ സെസ്സ് ഈടാക്കി കേരള സംസ്ഥാന സാസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിലേക്ക് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് സ.ഉ(സാധാ) നം. 120/2016/ത.സ്വ.ഭ.വ തിയതി 12-1-2016 പ്രകാരം സെസ്സ് സമാഹരണം താത്കാലികമായി നിർത്തിവെക്കുവാൻ നിർദ്ദേശിച്ചിരുന്നെങ്കിലും സ.ഉ(ആർ.ടി)നം.1236/2016/ത.സ്വ.ഭ.വ തിയതി 11-3-2016 പ്രകാരം സെസ്സ് തുടരുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് തിയറ്റർ ഉടമകൾ സമാഹരിച്ച സെസ്സ് ഗ്രാമപഞ്ചായത്തിലേക്ക് ഒടുക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. 2016-17 വർഷത്തിൽ സെസ്സ് ഇനത്തിൽ തിയറ്റർ ഉടമകൾ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയ 443400 രൂപ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. രേഖകളുടെ പരിശോധനയിൽ 1-10-2016 മുതൽ 31-3-2017 കാലയളവിൽ വില്പന നടത്തിയ 147800 ടിക്കറ്റുകളോടൊപ്പം ഈടാക്കിയ സെസ്സ് തുകയാണ് (147800*3= 443400) അടച്ചതെന്ന് ബോധ്യപ്പെട്ടു.

2. 1-4-2016 മുതൽ 30-9-2016 വരെ തിയ്യറ്റർ ഉടമകൾ സമാഹരിച്ച സെസ്സ് പഞ്ചായത്തിൽ വരവു വെച്ചതിനും കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന് കൈമാറിയതിനും രേഖകളില്ല. ടിക്കറ്റ് സീൽഡ് രജിസ്റ്റർ, ഡി.സി.ആർ (ഡെയ്‌ലി കളക്ഷൻ റിപ്പോർട്ട്) എന്നിവയുടെ പരിശോധനയിൽ 1-4-2016 മുതൽ 30-9-2016 വരെയുള്ള കാലയളവിൽ 3 തിയ്യറ്ററുകൾ വില്പന നടത്തിയ ടിക്കറ്റുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തിയ്യറ്റർ | ക്ലാസ് | സീൽ ചെയ്ത ടിക്കറ്റിന്റെ എണ്ണം (1-4-2016 മുതൽ 30-9-2016 വരെ) | സമാഹരിക്കേണ്ട സെസ്സ് |
|---|---|---|---|
| സി.വി.എം | ബാൽക്കണി | 6218 | 18654 |
| | റോയൽ | 18542 | 55626 |
| കെ.എ.എം | I Class | 47445 | 142335 |
| തങ്കം | I Class | 16639 | 49917 |
| ആകെ | | 88844 | 266532 |

3. സർക്കുലർ നം.327240/RC2/2015/ LSGD തിയതി 23-11-2015 പ്രകാരം സെസ്സ് പിരിക്കുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പാക്കേണ്ടതാണെന്നും സെസ്സ് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയാൽ ആയത് സെക്രട്ടറിമാരുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

1-4-2016 മുതൽ 30-9-2016 വരെയുള്ള കാലയളവിലെ സെസ്സ് കേരള സംസ്ഥാന സാംസ്കാരിക

പ്രവർത്തക ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.9 തിയതി 25-08-2017 നുള്ള മറുപടിയിൽ സ്റ്റേ നിലനിന്നിരുന്നതിനാലും വ്യക്തമായ മാർഗ്ഗ നിർദ്ദേശം ലഭിക്കാതിരുന്നതിനാലുമാണ് സെസ്സ് ഈടാക്കാതിരുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ചെയർമാന്റെ ഫോൺ സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ 9/2016 മുതൽക്കുള്ള സെസ്സ് സമാഹരിച്ച് ഒടുക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 1-4-2016 മുതൽ 30-9-2016 വരെയുള്ള കാലയളവിലെ സെസ്സ് ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ 266532 രൂപ തിയ്യേറ്റർ ഉടമയിൽ നിന്നും ഈടാക്കി കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന സ്രോതസ്സുകളുടെ സാധ്യത പരിശോധിക്കേണ്ടതാണ്

### 1. പരസ്യനികുതി പിരിവ് നിയമാനുസൃതമാക്കേണ്ടതാണ്

വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം പരസ്യ നികുതി ഇനത്തിൽ 65500 രൂപ വരവുണ്ട്. 2017-18 കാലയളവിലേക്കുള്ള പരസ്യ നികുതി പിരിച്ചെടുക്കുന്നതിനുള്ള കുത്തകപ്പാട്ടം നൽകിയ വകയിലാണ് വരവുള്ളത്. 29-3-2017 ന് ലേലം നടക്കുകയും 30-3-2017 ലെ ഭരണസമിതി തീരുമാനം നം. 6 പ്രകാരം ലേലം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| രശീതി നം./ തിയതി | തുക | പരസ്യ നികുതി പിരിക്കുവാൻ ചുമതലയുള്ള വ്യക്തി |
|---|---|---|
| 11601117322/29-03-2017 | 65500 | ശ്രീ.ജോർജ്ജ്.എ.സി |

പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി/5/15253/04 നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകാ ബൈലോ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ ബൈലോയുടെ അടിസ്ഥാനത്തിലല്ല പരസ്യ നികുതി ഈടാക്കിവരുന്നത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതും അംഗീകാരം തേടാവുന്നതുമാതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ബി, സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചു വയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച പരസ്യ ബോർഡുകളുടെ എണ്ണം, വലിപ്പം ചുവർ പരസ്യങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

ഓരോ വർഷവും പരസ്യനികുതി പിരിച്ചെടുക്കുവാൻ ലേലം ചെയ്യുകയും ലേലക്കാരൻ ഒറ്റതവണയായി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ഇതു മൂലം നഗരവൽകൃത പ്രദേശങ്ങൾ കൂടുതലായുള്ള ഗ്രാമപഞ്ചായത്തിന് പരസ്യനികുതി ഇനത്തിൽ നഷ്ടം ഉണ്ടാകുന്നുണ്ട്. മുൻ വർഷത്തിൽ

111100 രൂപ പരസ്യ നികുതിയായി ലഭ്യമായപ്പോൾ തൻവർഷത്തിൽ 65500 രൂപയായി കുറഞ്ഞിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന നിരക്ക് നിശ്ചയിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി അതനുസരിച്ച് പരസ്യ നികുതി പിരിച്ചെടുക്കുവാനുമുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.15 തിയതി – 26-08-2017)

2. സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 2-5 ഡി&ഒ ലൈസൻസ് - പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളുടെ എണ്ണത്തിലെ കൃത്യത പരിശോധിക്കേണ്ടതാണ്

1) വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് പരിശോധിക്കേണ്ടതാണ്

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 3964 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 3271 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുതൽ 200ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൌണുകൾ | 42 |
| 200 ച.മീ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ ഷോപ്പിംഗ് മാളുകൾ | 1 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ നു മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൌണുകൾ | 3 |
| ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 18 |

| | |
|---|---|
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/ കയർപിരി ഷെഡ് | 579 |
| ഇതര വ്യവസായ ആവശ്യത്തിനുള്ള | 48 |
| മൈക്രോ സ്മാൾ & ഡെവലപ്മെന്റ് ആക്ട് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായിക യൂണിറ്റുകൾ | 2 |
| ആകെ | 3964 |

2016-17 വർഷത്തെ ഡി&ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം 831 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. 75% ൽ കൂടുതൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി വിലയിരുത്തുന്നു.

ഈ വിഷയത്തിന്മേൽ സമഗ്രമായ പരിശോധന നടത്തി ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.19 തിയതി 29-08-2017)

2) ഡി&ഒ ലൈസൻസ് അനുവദിച്ചപ്പോൾ രേഖകളുടെ കൃത്യത ഉറപ്പു വരുത്തിയിട്ടില്ല

1996 ലെ കേരളാ പഞ്ചായത്ത് രാജ്(ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 12(5) പ്രകാരം മറ്റ് വകുപ്പുകളിൽ നിന്നുള്ള അനുമതിപത്രങ്ങൾ ലഭ്യമായതിനു ശേഷം മാത്രമേ പഞ്ചായത്തിൽ നിന്നും ഡി &ഒ ലൈസൻസ് അനുവദിക്കാവൂ. എന്നാൽ തൻവ്രഷം ലൈസൻസ് അനുവദിച്ച ചില സ്ഥാപനങ്ങളുടെ അപേക്ഷകളോടൊപ്പം ആവശ്യമായ അനുമതി പത്രങ്ങൾ ഹാജരാക്കിയിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ലൈസൻസിനുള്ള അപേക്ഷകളിൽ രേഖപ്പെടുത്തുന്ന വിറ്റുവരവിന്റെ കൃത്യതയും ശരിയായ രീതിയിൽ പരിശോധിക്കപ്പെടുന്നില്ല.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ) ഭക്ഷ്യോൽപന്ന സ്ഥാപനങ്ങൾ

1996 ലെ കേരളാ പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക V പ്രകാരം അനുമതിപത്രം ആവശ്യമായ വ്യവസായങ്ങളിലുൾപ്പെട്ട ഭക്ഷ്യോൽപന്നങ്ങളുമായി ബന്ധപ്പെട്ട വ്യാപാരങ്ങൾ നടത്തുന്ന നിരവധി സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഹോട്ടൽ, ബേക്കറി, ചിക്കൻ സെന്റർ, ചായക്കടകൾ, ഭക്ഷ്യവസ്തു നിർമ്മാണ യൂണിറ്റുകൾ എന്നിവയ്ക്ക് ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്നുള്ള സാനിറ്ററി സർട്ടിഫിക്കറ്റില്ലാതെയാണ് ഡി&ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | ലൈസൻസിയുടെപേര് | വാർഡ്/ കെട്ടിട നം: | ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ |
|---|---|---|---|
| 1 | എബി കെ.സേവിയർ<br>EK ഫ്രെഷ് സൂപ്പർ മാർക്കറ്റ് | 16/988 | 62 |
| 2 | വി.ചന്ദ്രൻ, സൂപ്പർ ചിക്കൻ സെന്റർ | 12/611 | 79 |
| 3 | ആർ.പരമശിവം, ചിക്കൻ സെന്റർ | 14/1102 | 154 |
| 4 | സി.ജി.പ്രവി, ഹോട്ടൽ ഗംഗ | 14/773 | 235 |

| | | | |
|---|---|---|---|
| 5 | അക്ബർ ഷാ.എ, ന്യൂ നാസർ ബേക്കറി | 14/1515 | 261 |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10-1-2013 ലെ 66562/ആർ.സി3/2012/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരവും ഈ വിഷയത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭക്ഷ്യോത്പന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ബി) വിറ്റുവരവിനനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

1996 ലെ ഡി&ഒ ലൈസൻസ് ചട്ടങ്ങളിലെ പട്ടിക II പ്രകാരം ഒരു സ്ഥാപനത്തിന്റെ വിറ്റുവരവിനനുസൃതമായി ഒരു വർഷത്തേക്ക് ലൈസൻസ് ഫീസായി നിശ്ചയിക്കാവുന്ന ഉയർന്ന ഫീസും ഒരു ദിവസത്തെ ശരാശരി വിറ്റുവരവിന്റെ പരിധിയും നിശ്ചയിച്ചിട്ടുണ്ട്.

ചട്ടം 7 ന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് ചുമത്താവുന്നതാണ്. എന്നാൽ അപേക്ഷകളുടെയും അനുബന്ധ രേഖകളുടെയും പരിശോധനയിൽ ഭൂരിഭാഗം അപേക്ഷകളിലും വിറ്റുവരവിന്റെ കോളം പൂരിപ്പിച്ചിട്ടില്ലെന്ന് കണ്ടെത്തി. ചില അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിറ്റുവരവിനനുസൃതമായി ഫീസ് ഈടാക്കിയിട്ടുമില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം/ ഉടമസ്ഥൻ | ഒരു ദിവസത്തെ വിറ്റുവരവ് | ഈടാക്കിയ തുക/ രശീതി നം./ തീയതി | ഈടാക്കാവുന്ന ഏറ്റവും കുറഞ്ഞ നിരക്ക് ഫീസ് | ഏറ്റവും കുറഞ്ഞ നഷ്ടം | ഈടാക്കാവുന്ന പരമാവധി ഫീസ് |
|---|---|---|---|---|---|
| യൂണിവേഴ്സൽ സ്റ്റീൽ സെന്റർ | 100000 | 300/- 11501115321/19-2-2016 | 1000 | 700 | 2000 |
| ദൃശ്യ മാർബിൾസ് | 40000 | 500/- 11601102873/27-5-2016 | 500 | - | 1000 |
| ഡി.പി ഏജൻസീസ് | 15000 | 100/- 11501115245/18-2-2016 | 200 | 100 | 300 |
| ആകെ | | | | 800 | |

അപേക്ഷകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും വിറ്റുവരവിനനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.19 തിയതി 29-08-2017)

## 2-6 സെന്റ്മേരീസ് പോളിടെക്നിക് കോളേജ് കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ച് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്

വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ (വള്ളിയോട്) മംഗലം-ഗോവിന്ദാപുരം റോഡിന് സമീപത്തായി പ്രവർത്തിക്കുന്ന സെന്റ്മേരീസ് പോളിടെക്നിക് കോളേജ് എന്ന സ്ഥാപനത്തിന്റെ കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവൽക്കരിക്കുന്നതിനും 2 കെട്ടിടങ്ങളുടെ നിർമ്മാണാനുമതിക്കുമായി 2016-17 വർഷത്തിൽ അപേക്ഷിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച 7

കെട്ടിടങ്ങളുടെ ക്രമവൽക്കരണത്തിനും 2 കെട്ടിടങ്ങളുടെ നിർമ്മാണാനുമതിക്കുമാണ് സെന്റ്മേരീസ് എജ്യൂക്കേഷണൽ സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. (അപേക്ഷ തിയതി – 3-11-2016, ഫയൽ നം. A4-11563/16/17-12-16)

ക്രമവൽക്കരണത്തിനുള്ള അപേക്ഷ, അനുബന്ധ ഫയലുകൾ, പോളിടെക്നിക് കോളേജിന്റെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

എ. പെർമിറ്റ് ഇല്ലാതെ അനധികൃതമായി കെട്ടിടങ്ങൾ നിർമ്മിച്ചു

ഫയലുകളുടെ പരിശോധനയിൽ ഗ്രാമപഞ്ചായത്തിൽ നിന്നും 3-3-2012 തിയതിയിലെ പെർമിറ്റ് നം.A4/BR/742/11 പ്രകാരം 4581.28 ച.മീ (3 നിലകളും സ്റ്റെയർ റൂമും ഉൾപ്പെടെ) വിസ്തീർണ്ണമുള്ള ക്ലാസ് റൂം കെട്ടിടങ്ങളുടെ നിർമ്മാണത്തിനാണ് പെർമിറ്റ് നൽകിയിട്ടുള്ളത്. സ്ഥാപനത്തിൽ നിന്നുമുള്ള 3-11-2016 ലെ സ്ഥാപനത്തിന്റെ അപേക്ഷ പരിശോധിച്ചതിൽ പെർമ്മിറ്റിൽ നിന്നും വ്യതിചലിച്ചും പെർമിറ്റ് ഇല്ലാതെയും 7 ബ്ലോക്കുകൾ നിർമ്മിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു.
2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 134 ഖണ്ഡിക 2 ൽ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള അധികാരം, ഇത്തരം നിർമ്മാണങ്ങൾ കണ്ടുപിടിക്കുകയും തടയുകയും ഈ ചട്ടങ്ങൾ പ്രകാരം മറ്റു നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്തത്തിൽ നിന്നും സെക്രട്ടറിയെ വിമുക്തനാക്കുന്നില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അനധികൃത നിർമ്മാണത്തിനെതിരെ ഗ്രാമപഞ്ചായത്ത് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.




സെന്റ് മേരീസ് പോളിടെക്നിക് കോളേജ്

ബി. കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത

കെട്ടിട നം. 10/217 മുതൽ 10/224 വരെ 8 കെട്ടിടങ്ങൾ, 10/554, 10/555 എന്നീ 2 കെട്ടിടങ്ങൾ എന്നിവയ്ക്കാണ് വസ്തുനികുതി നിർണ്ണയം പൂർത്തിയാക്കി നികുതി ഈടാക്കി വരുന്നത്. അവയിൽ 10/554, 10/555 എന്നീ കെട്ടിടങ്ങളുടെ ഫോറം 6 ലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ നികുതി നിർണ്ണയത്തിൽ അനർഹമായ ഇളവുകൾ നൽകിയിട്ടുള്ളതായി ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഫോറം 6 പ്രകാരമുള്ള വിവരങ്ങൾ | | | | | | യഥാർത്ഥത്തിൽ ഡിമാന്റ് ചെയ്യേണ്ടി | കുറവ് |
|---|---|---|---|---|---|---|---|---|
| | കെട്ടിട നം./ഉപയോഗക്രമം | വിസ്തീർണ്ണം (ച.മീ) | അടിസ്ഥാന വസ്തുനികുതി | ഇളവ് | വർദ്ധനവ് | ഡിമാന്റ് ചെയ്ത വസ്തുനികുതി | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | യിരു ന്നത് | |
| 1 | 10/554 വിദ്യാഭ്യാസ ആവശ്യം | 448 | 2240 | 224 (10%) | 448 (20%) | 2464 | 2688 | 224 |
| 2 | 10/555 വിദ്യാഭ്യാസ ആവശ്യം | 863.85 (3 നിലകൾ) | 4319 | 431.9 (10%) | - | 3888 | 5183 | 1295 |
| ആകെ | | | | | | 6352 | 7871 | 1519 |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 അനുസരിച്ചുള്ള പട്ടികയിൽ ദ്വിതീയ മേഖലയ്ക്കുള്ള 10% ഇളവ് നൽകിയാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. കൂടാതെ 5 മീറ്ററിൽ കൂടുതൽ വീതിയിലുള്ള മംഗലം-ഗോവിന്ദാപുരം റോഡിന് സമീപത്തായി സ്ഥിതി ചെയ്യുന്ന സ്ഥാപനത്തിലെ 10/555 നമ്പർ കെട്ടിടത്തിന് 1.5 മീറ്ററിൽ കൂടുതൽ വീതി എന്നാണ് റോഡിന്റെ തരം ഫോം 6 ൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് 5 മീറ്ററിൽ കൂടുതൽ വീതിയിലുള്ള വഴി സൗകര്യത്തിനുള്ള 20% വർദ്ധനവില്ലാതെ നികുതി നിർണ്ണയം നടത്തി വസ്തുനികുതി ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുള്ളതായും ഓഡിറ്റ് വിലയിരുത്തുന്നു. അംഗീകരിച്ച പ്ലാൻ പ്രകാരം 20.23 മീറ്റർ വീതിയിലുള്ള വഴിയാണ് സ്ഥാപനത്തിലേക്കുള്ളതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനത്തിന്റെ പടിഞ്ഞാറെ വശത്തിലുള്ള റോഡിന് (വള്ളിയോട്-ശ്രീനാരായണ സ്കൂൾ റോഡ്) 8 മീറ്റർ വീതിയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കോളേജിന്റെ മറ്റു കെട്ടിടങ്ങൾ (കെട്ടിട നം. 10/217 മുതൽ 10/224 വരെ) പ്രഥമ മേഖലയിലാണെന്ന് ഫോം 6 പ്രകാരം കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ആയതിനാൽ മേൽ പറഞ്ഞിട്ടുള്ള കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയ്ക്കുള്ള 10% ഇളവിന് സ്ഥാപനത്തിന് അർഹതയില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. (ഓഡിറ്റ് അന്വേഷണം. നം 21 തിയതി 30-8-2017)

സി. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്ന ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് എന്നിവയുടെ നികുതി നിരക്ക് നിശ്ചയിക്കേണ്ടതാണ്

സ.ഉ(അ)നം.36/2015/ത.സ്വ.ഭ.വ 24-2-2014 പ്രകാരം വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് എന്നിവയ്ക്ക് നിശ്ചിത നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. 3-11-2016 ലെ അപേക്ഷയിൽ കാന്റീൻ എക്സ്റ്റൻഷന്റെ പെർമിറ്റിന് സ്ഥാപനം അപേക്ഷിച്ചിട്ടുള്ളതിനാൽ നിലവിൽ കാന്റീൻ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. എന്നാൽ നിലവിൽ വസ്തു നികുതി നിർണ്ണയം പൂർത്തിയാക്കിയിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും ഉപയോഗക്രമം വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് എന്നു മാത്രമാണ് രേഖപ്പെടുത്തലുകൾ ഉള്ളത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന

ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 ഉപ ചട്ടം 5 പ്രകാരം വ്യത്യസ്ത ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന കെട്ടിട ഭാഗങ്ങൾക്ക് പ്രത്യകം കെട്ടിട നമ്പർ നൽകി ഓരോ കെട്ടിട ഭാഗത്തിനും ഉപയോഗത്തിന്റെ അടിസ്ഥാനത്തിലുള്ള നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

ഓഡിറ്റ് നിർദേശങ്ങൾ

- അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- അംഗീകരിച്ച പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ പരിശോധനാ വിധേയമാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
- പെർമിറ്റ് കാലാവധി പൂർത്തിയായിട്ടും കെട്ടിടങ്ങളുടെ നിർമ്മാണം തുടരുന്നതിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.
- അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ ക്രമവൽക്കരണം നടത്തി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനാവശ്യമായ തുടർ നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതാണ്.
- 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 ഉപചട്ടം 5 പ്രകാരം വ്യത്യസ്ത ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന കെട്ടിട ഭാഗങ്ങൾക്ക് പ്രത്യകം കെട്ടിട നമ്പർ നൽകി ഓരോ കെട്ടിടഭാഗത്തിനും ഉപയോഗത്തിന്റെ അടിസ്ഥാനത്തിലുള്ള നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.
- വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലും മേഖലയുടെ അടിസ്ഥാനത്തിലും വസ്തുനികുതിയിൽ ഇളവ് നൽകിയത് പുന:പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്.

പെർമിറ്റ് നൽകുന്നതിനും, നികുതി നിർണ്ണയിക്കുന്നതിനും വ്യക്തമായ ചട്ടങ്ങൾ നിലവിലുണ്ടായിട്ടും ഫീസ്, നികുതിയിനങ്ങളിൽ ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും അടിയന്തിര ഇടപെടൽ ആവശ്യപ്പെടുന്നു. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ള പദ്ധതികളുടെ പരിപാലനം കാര്യക്ഷമമാക്കി ഗ്രാമപഞ്ചായത്തിന്റെ ബാധ്യത ലഘൂകരിക്കേണ്ടതാണ്

സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്നതും ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിലെ കാര്യക്ഷമതയും പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികളുടെ വിവരം

ജല അതോറിറ്റിയിൽ നിന്നും കൈമാറിക്കിട്ടിയ 12 ഉം വിവിധ കാലയളവുകളിൽ പൂർത്തീകരിച്ച 61 ഉം ഉൾപ്പെടെ ആകെ 83 കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് പരിപാലിക്കുന്നുണ്ട്. 2874 ഗാർഹിക ഉപഭോക്താക്കളും 88 ഗാർഹികേതര ഉപഭോക്താക്കളും നിലവിലുണ്ട്.

ബി. വെള്ളക്കരം

ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് പ്രതിമാസം 50 രൂപയും ഗാർഹികേതര ഉപഭോക്താക്കളിൽ നിന്ന് 100 രൂപയുമാണ് നിലവിൽ ഈടാക്കി വരുന്നത്. ആയത് യഥാക്രമം 100, 200 ആയി വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനം 21-8-2017 ന് കൈക്കൊണ്ടിട്ടുണ്ട്.

സി. പമ്പ് ഓപ്പറേറ്റർമാർ

പദ്ധതികളുടെ നടത്തിപ്പിനായി 9 പമ്പ് ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് 350 രൂപയാണ് ദിവസ വേതനമായി നൽകുന്നത്.

ഡി. 2016-17 വർഷത്തെ വരവ്-ചെലവ് കണക്കുകൾ

| വരവ് | | ചെലവ് | |
|---|---|---|---|
| തൻവർഷം | 1392550 | വൈദ്യുതി ചാർജ്ജ് | 2588402 |
| കുടിശ്ശിക | 737100 | പമ്പ് ഓപ്പറേറ്റർമാരുടെ വേതനം | 1187500 |
| - | - | അറ്റകുറ്റപണി | 2671338 |
| ആകെ വരവ് | 2129650 | ആകെ ചെലവ് | 6447240 |

വരവും ചെലവും തമ്മിലുള്ള അന്തരം 4317590 രൂപയാണ്. തനത് ഫണ്ടിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിച്ചിട്ടും ആയത് വിലയിരുത്തി പരിഹാരം കാണുന്നതിനുള്ള ക്രിയാത്മക നടപടികളൊന്നും ഗ്രാമപഞ്ചായത്ത് നാളിതുവരെ സ്വീകിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു.

ഇ. കുടിശ്ശികയുടെ വിവരം

ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ 1483277 രൂപ വെള്ളക്കരം ഇനത്തിൽ ഉപഭോക്താക്കളിൽ നിന്ന് പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്.

| | |
|---|---|
| തൻവർഷം | 437450 |
| കുടിശ്ശിക | 1045827 |
| ആകെ | 1483277 |

2016-17 വർഷത്തിൽ 620 പേർക്ക് നോട്ടീസ് അയയ്ക്കുകയും 7.37 ലക്ഷം രൂപ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കുടിശ്ശിക വരുത്തിയവർക്കെതിരെ കണക്ഷൻ വിച്ഛേദിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. കുടിശ്ശിക വരുത്തിയവരിൽ നിന്നും പിഴയും ഈടാക്കുന്നുണ്ട്.

എഫ്. പദ്ധതികൾ കൈമാറുന്നതിനായി സ്വീകരിച്ച നടപടികൾ

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് അതാത് പ്രദേശത്തെ ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീരിച്ചിട്ടില്ല.

ജി. ബൈലോ

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി നാളിതുവരെ നിയമാവലി രൂപീകരിച്ചിട്ടില്ല.

എച്ച്. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്-സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണെന്ന 30-5-2009 ലെ സ.ഉ(സാ)നം. 1275/2009/ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കേണ്ടതാണ്. കുടിവെള്ള പദ്ധതികളുടെ പരിപാലനച്ചുമതല അതാത് പ്രദേശത്തെ ജനങ്ങളുടെ സമിതികൾക്ക് കൈമാറി എല്ലാവർക്കും കുടിവെള്ളം ഉറപ്പുവരുത്താവുന്നതാണെന്ന് തിരിച്ചറിഞ്ഞ് ആയതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. ഇക്കാര്യത്തിനായി ഉപഭോക്താക്കൾക്കിടയിൽ ബോധവത്കരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

2. പദ്ധതികൾ കൈമാറുന്നതുവരെ അവയുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനായി ഒരു നിയമാവലി തയ്യാറാക്കേണ്ടതാണ്.

3. ചെലവിന് ആനുപാതികമായി വെള്ളക്കരം കാലാനുസൃതമായി പുതുക്കി നിശ്ചയിച്ച് പദ്ധതികൾ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

4. കുടിവെള്ളത്തിന്റെ ദുരുപയോഗം നടക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

5. വെള്ളക്കരം കുടിശ്ശിക വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിച്ച് കുടിശ്ശിക, പിഴ സഹിതം പിരിച്ചെടുക്കേണ്ടതാണ്.

6. കുടിവെള്ളത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ 13-ാം പദ്ധതി മാർഗ്ഗരേഖയിലേയും സബ്സിഡി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങൾ കൂടി കണക്കിലെടുക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 2/24-8-2017 നുള്ള മറുപടിയിൽ വെള്ളക്കരം വർദ്ധിപ്പിക്കുന്നതിനും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. 31-8-2017 ലെ എക്സിറ്റ് മീറ്റിംഗിലും വിഷയം ചർച്ച ചെയ്തു.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-2 ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കി വൈദ്യുതി ചാർജ്ജ് കുറവു ചെയ്യേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ അനുബന്ധം III അനുസരിച്ചുള്ള പട്ടികയിലെ ക്രമ നമ്പർ 15 പ്രകാരം തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിന് തെരുവു വിളക്കുകളുടെ പരിപാലനത്തിനായി തുക ചെലവഴിക്കേണ്ടത് അനിവാര്യമാണ്.

വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപണികൾക്കുമായി ചെലവഴിക്കേണ്ടിവരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള ശ്രമങ്ങൾ എത്രത്തോളം ഫലപ്രാപ്തി യിലെത്തിയിട്ടുണ്ടെന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജ്ജും

വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചുള്ള തെരുവുവിളക്കുകളുടെ എണ്ണവും പ്രതിമാസ വൈദ്യുതി ചാർജ്ജും താഴെ ചേർക്കുന്നു.

i) മീറ്ററിംഗ് ഏർപ്പെടുത്താത്ത തെരുവുവിളക്കുകളുടെ വിവരം

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | പ്രതിമാസ വൈദ്യുതി ചാർജ്ജ് |
|---|---|---|---|---|
| 1 | സാധാരണ ലാമ്പ് - 60 W | 440 | 102 | 44880 |
| 2 | ഡബിൾ റ്റ്യൂബ് - 2*40 W | 868 | 134 | 116312 |
| 3 | സോഡിയം വേപ്പർ ലാമ്പ്-250 W | 27 | 447 | 12069 |
| 4 | സി.എഫ്.എൽ-11 W | 22 | 7 | 154 |
| 5 | സി.എഫ്.എൽ-22 W | 100 | 26 | 2600 |
| ആകെ | | 1457 | | 176015 |

ii) മീറ്ററിംഗ് ഏർപ്പെടുത്തിയ തെരുവുവിളക്കുകളുടെ വിവരം

ഗ്രാമപഞ്ചായത്തിലെ 30% തെരുവുവിളക്കുകൾക്ക് മാത്രമാണ് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | പ്രതിമാസം വൈദ്യുതി ചാർജ്ജ് (ശരാശരി) |
|---|---|---|---|
| 1 | സാധാരണ ലാമ്പ് - 60 W | 161 | 38000 |
| 2 | ഡബിൾ റ്റ്യൂബ് - 2*40 W | 267 | |
| 3 | സോഡിയം വേപ്പർ ലാമ്പ്-250 W | 13 | |
| ആകെ | | 441 | |

പ്രതിമാസം ശരാശരി 215000 രൂപയും പ്രതിവർഷം ശരാശരി 25 ലക്ഷം രൂപയും വൈദ്യുതി ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്തിന് ചെലവഴിക്കേണ്ടിവരുന്നുണ്ട്.

ബി. സാധാരണ ലാമ്പുകൾ ഒഴിവാക്കി ചാർജ്ജ് ക്രമീകരിക്കാത്തതുമൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം

മീറ്ററിംഗിനു കീഴിലല്ലാത്ത 60 വാട്ടിന്റെ 440 സാധാരണ ലാമ്പുകൾക്ക് പ്രതിമാസം 44880 രൂപ വൈദ്യുതി ബോർഡ് ഈടാക്കുന്നുണ്ട്. വൈദ്യുതി ബോർഡിന്റെ കണക്കിലെ കൃത്യത പരിശോധിച്ച് യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന ലാമ്പുകൾക്ക് മാത്രമാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതെന്ന് ഉറപ്പുവരുത്തിയിട്ടില്ല. ഊർജ്ജ ഉപഭോഗം കൂടുതലും ആയുസ്സും വെളിച്ചവും കുറവുള്ള ഇത്തരം ലാമ്പുകൾക്കു പകരം ഉയർന്ന കാര്യക്ഷമതയുള്ള എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി. മീറ്റർ സ്ഥാപിക്കുന്നതിനായി ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം

ആദ്യഘട്ടത്തിൽ 18 മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ സ്ട്രീറ്റ് മെയിനുകളിലും മീറ്റർ സ്ഥാപിക്കുന്നതിനായി 2016-17 വർഷത്തിൽ 583000 രൂപ വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. 73 മീറ്ററുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക |
|---|---|---|
| 142/17-തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 1320/15-2-2017 (തനത് ഫണ്ട്) | 392200 |
| 228/15-തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 28/28-2-2017 | 190800 |
| ആകെ | | 583000 |

നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. എല്ലാ ലാമ്പുകളേയും മീറ്ററിംഗിനു കീഴിൽ കൊണ്ടു വരുന്നതോടെ നിലവിലില്ലാത്തതും ഉപയോഗയോഗ്യമല്ലാത്തതുമായ ലാമ്പുകൾക്ക് ചാർജ്ജ് ഒടുക്കേണ്ടിവരുന്നത് ഒഴിവാകുന്നതാണ്.

ഡി. തെരുവുവിളക്കുകളുടെ പരിപാലനച്ചെലവ്

സാധന സാമഗ്രികൾ വാങ്ങുവാനും അറ്റകുറ്റപണികൾക്കുമായി തൻവർഷം തനതുഫണ്ടിൽ നിന്നും 2149294 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | ചെലവ് |
|---|---|---|
| 1 | 5/17- തെരുവു വിളക്കുകൾ വാങ്ങൽ | 159920 |
| 2 | 82/17- തെരുവു വിളക്കുകളുടെ എ.എം.സി | 1989374 |
| ആകെ | | 2149294 |

വാർഷിക അറ്റകുറ്റപണി ഏറ്റെടുത്ത കരാറുകാരൻ ഹാജരാക്കുന്ന കണക്കുകളിലെ കൃത്യത ശാസ്ത്രീയമായ രീതിയിൽ പരിശോധിച്ച് ഉറപ്പാക്കിയതിനു ശേഷം മാത്രം തുക അനുവദിക്കേണ്ടതാണ്. തെരുവു വിളക്കുകളുടെ വാർഡ് തിരിച്ചുള്ള കണക്ക് ഇല്ലാത്തതിനാൽ ഒരേ പോസ്റ്റിൽ ഒന്നിൽ കൂടുതൽ തവണ റിപ്പയർ പ്രവൃത്തി നടത്തേണ്ടി വരുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് സാധിക്കാത്ത സ്ഥിതിയാണുള്ളത്.

അറ്റകുറ്റപണികൾക്കും വൈദ്യുതി ചാർജ്ജിനുമായി 45 ലക്ഷത്തിൽ അധികം തുക പ്രതിവർഷം

ആവശ്യമാണെന്ന് മേൽ കണക്കുകൾ സൂചിപ്പിക്കുന്നു.

ഇ. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്

ഊർജ്ജ ഉപഭോഗം കൂടുതലുള്ള തെരുവു വിളക്കുകളെല്ലാം എൽ.ഇ.ഡി ലാമ്പുകൾ ആക്കുകയാണെങ്കിൽ താഴെ പറയും പ്രകാരം ബിൽ തുക ക്രമീകരിക്കാവുന്നതാണ്.

| | |
|---|---|
| 24 വാട്ടിന്റെ എൽ.ഇ.ഡി ലാമ്പിന്റെ പ്രതിമാസ നിരക്ക് | 20 |
| മീറ്ററിനു കീഴിലല്ലാത്ത ലാമ്പുകളുടെ എണ്ണം | 1435 |
| 24 വാട്ടിന്റെ 1435 എൽ.ഇ.ഡി ലാമ്പുകളുടെ പ്രതീക്ഷിത ചാർജ്ജ് | 28700<br>(1435*20) |
| നിലവിൽ ഒടുക്കുന്ന വൈദ്യുതി ചാർജ്ജ് | 175000 രൂപ (ശരാശരി) |
| പ്രതിമാസം പ്രതീക്ഷിക്കാവുന്ന ലാഭം | 146300 |

എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിലൂടെ വൈദ്യുതി ചാർജ്ജിനത്തിൽ കുറഞ്ഞത് 70 ശതമാനത്തോളം കുറവ് പ്രതീക്ഷിക്കാവുന്നതാണ്. എല്ലാ ലാമ്പുകളേയും മീറ്ററിംഗിന് കീഴിൽ കൊണ്ടു വരുന്നതോടെ കൂടുതൽ നേട്ടം ഉണ്ടാകുന്നതാണ്.

എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ 10 വർഷത്തിൽ അധികം നിലനിൽക്കുന്നതാണ്. പുതിയ ലാമ്പുകൾക്ക് കുറഞ്ഞത് മൂന്ന് വർഷത്തെ വാറണ്ടിയും ഉറപ്പാക്കാവുന്നതാണ്. പരിപാലച്ചെലവിനത്തിലും ഗണ്യമായി കുറവ് വരുന്നതാണ്.

എഫ്. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ വാർഡ് അടിസ്ഥാനത്തിലുള്ള കൃത്യമായ വിവരം ശേഖരിക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ മാറ്റം വരുത്തി കാലികമാക്കി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. നിലിവില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് തുക ഈടാക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

4. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ വാങ്ങുന്നതിലെ കൃത്യത ഉറപ്പാക്കേണ്ടതാണ്. പഴയ സാമഗ്രികളുടെ വില ഉറപ്പാക്കേണ്ടതാണ്.

5. ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ ഘട്ടം ഘട്ടമായി മാറ്റി ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

6. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുടെ അടിയന്തിര പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്. തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ വൈദ്യുതി ബോർഡുമായി എഗ്രിമെന്റ് വെക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

7. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നം. ഉത്തരവിൽ കൊടുത്തിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 2/24-8-2017 നുള്ള മറുപടിയിൽ എൽ.ഇ.ഡി ലാമ്പുകൾ

സ്ഥാപിക്കുന്നതിന് മുൻഗണന നൽകുന്നതാണെന്നും മീറ്ററിംഗ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 31-8-2017 ലെ എക്സിറ്റ് മീറ്റിംഗിലും വിഷയം ചർച്ച ചെയ്തു.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-3 അസാധാരണ ചെലവുകൾ നടത്തുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

2016-17 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ ധാരാളം തുക അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ദൈനംദിന ചെലവായി പരിഗണിക്കുന്നതായി കണ്ടെത്തി. വൗച്ചറിനോടൊപ്പം ചെലവ് രേഖകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വൗച്ചറിൽ അസാധാരണ ചെലവ് എന്ന് രേഖപ്പെടുത്തുന്നില്ല.

അസാധാരണ ചെലവിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം./ തിയതി | തുക | ചെലവിനം |
|---|---|---|
| 1168/29-12-2016 | 17200 | ഗദ്ദിക സാംസ്കാരികോത്സവം-ചെലവ് |
| 1187/21-1-2017 | 10000 | 44-ാമത് ജൂനിയർ ചാംപ്യൻഷിപ്പ്-സംഭാവന |
| 444/13-7-2016 | 5215 | ഉത്ഘാടന ചടങ്ങ് |
| 445/13-7-2016 | 6000 | ഉത്ഘാടന ചടങ്ങ് |
| 446/13-7-2016 | 5550 | ഉത്ഘാടന ചടങ്ങ് |
| 447/15-7-2016 | 22250 | SSLC, +2 വിദ്യാർത്ഥികളെ അനുമോദിക്കൽ |

ഓഡിറ്റ് അന്വേഷണം നം. 2/24-8-2017 നുള്ള മറുപടിയിൽ തുടർന്നുള്ള ചെലവുകളിൽ കൃത്യത പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

അസാധാരണ ചെലവുകൾക്കുള്ള പരിധി പാലിക്കുവാനും 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.
രജിസ്റ്റർ അടുത്ത ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# 3-4 ഇ-ടോയ്‌ലറ്റുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

എം.എൽ.എ ഫണ്ട് ഉപയോഗിച്ച് 6/2014 ൽ നിർമ്മിച്ച രണ്ട് ഇ-ടോയ്‌ലറ്റ് യൂണിറ്റുകൾ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ആയതിന്റെ പരിപാലനം കാര്യക്ഷമമാണോ എന്ന് പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പി.ഡബ്ള്യു.ഡി റെസ്റ്റ് ഹൗസിനു സമീപത്താണ് ടോയ്‌ലറ്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. 2016-17 വർഷത്തെ വരവ്-ചെലവ് വിവരം താഴെ ചേർക്കുന്നു.

എ. വരവ്

ടോയ്‌ലറ്റ് നടത്തിപ്പിനായി നടത്തിയ ലേലത്തിൽ 10500 രൂപ ലഭ്യമായിട്ടുണ്ട്.

ബി. ചെലവ്

ടോയ്‌ലറ്റുകൾക്കും അടുത്തുള്ള വെയ്റ്റിംഗ് ഷെഡ്ഡിനും കൂടി 27931 രൂപ വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കിയിട്ടുണ്ട്.

2016-17 വർഷത്തിൽ ടോയ്‌ലറ്റുകളുടെ അറ്റകുറ്റപണികൾക്കായി 280000 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്റ്റ് നം. 138/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 300000

ചെലവ് - 280000 (വൗ.നം.21601409/14-2-2017)

ഇ-ടോയ്‌ലറ്റുകളുടെ അറ്റകുറ്റപണി നിർവ്വഹിച്ചിട്ടുള്ളത് പി.ഡബ്ള്യു.ഡി ഇലക്ട്രോണിക്സ് വിഭാഗം, തൃശ്ശൂർ ആണ്.

എഗ്രിമെന്റ് നം. 100/15-16/EE-ELS/TSR/22-1-2016

അളവു പുസ്തകം നം. 42/15-16 പ്രകാരം അറ്റകുറ്റപണികൾ നടത്തിയിട്ടുള്ളത് 2/2016 ൽ ആണെങ്കിലും ചെക്ക് മെഷർ ചെയ്തത് 30-9-2016 ൽ മാത്രമാണ്.

ടോയ്‌ലറ്റുകൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനായി താത്കാലികമായി ഒരാളെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതായി അധികൃതർ അറിയിച്ചിട്ടുണ്ട്.

സി. പ്രവർത്തനം

ടോയ്‌ലറ്റുകൾ പ്രവർത്തിക്കുന്നതിന് വൈദ്യുതി ആവശ്യമാണ്. വൈദ്യുതി ഇല്ലാത്തപ്പോൾ ബാറ്ററിയുടെ സഹായത്തോടെ പ്രവർത്തനം നടത്തുന്നതിനുള്ള സംവിധാനം ഉണ്ട്. 30-8-2017 ന് നടത്തിയ പരിശോധനയിൽ ബാറ്ററികളുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ വൈദ്യുതി ഇല്ലാത്തപ്പോൾ ടോയ്‌ലറ്റുകൾ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ലെന്ന് ബോധ്യപ്പെട്ടു.

സി. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ടോയ്‌ലറ്റുകളുടേയും പരിസരത്തേയും ശുചിത്വം ഉറപ്പാക്കേണ്ടതാണ്.
2. അറ്റകുറ്റപണികൾ കൃത്യമായി നടത്തി ടോയ്‌ലറ്റുകൾ നിഷ്ക്രിയാവസ്ഥയിലാകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

3. ബാറ്ററികളുടെ കാര്യക്ഷമത ഉറപ്പാക്കേണ്ടതും ടോയ്‌ലറ്റുകളുടെ പ്രവർത്തനം തടസ്സപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.
4. ഗ്രാമപഞ്ചായത്തിന് അധികബാധ്യത ഇല്ലാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 2/24-8-2017 നുള്ള മറുപടിയിൽ ഇ-ടോയ്‌ലറ്റുകളുടെ പരിപാലനത്തിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.



വടക്കഞ്ചേരി റസ്റ്റ് ഹൗസിന് സമീപം സ്ഥാപിച്ചിട്ടുള്ള ഇ-ടോയ്‌ലറ്റ്

# 3-5 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഓഡിറ്റ് വർഷത്തിൽ 1126825 രൂപ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് വൈദ്യുതി ബോർഡിന് താഴെ പറയുന്ന പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | ബിൽ | ഡെപ്പോസിറ്റ് തുക |
|---|---|---|
| 142/17-തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 1320/15-2-2017 (തനത് ഫണ്ട്) | 392200 |
| 228/15-തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 28/28-2-2017 | 190800 |
| 210/16-സ്ട്രീറ്റ് മെയിൻ നീട്ടൽ | 38/28-3-2017<br>42/29-3-2017<br>36/27-3-2017 | 490000<br>24500<br>29325<br>------------<br>543825 |

| | |
|---|---|
| ആകെ | 1126825 |

സ.ഉ(എം.എസ്)നം.4/2016/ത.സ്വ.ഭ.വ തിയതി 11-1-2016 പ്രകാരം പുറപ്പെടുവിച്ച 2016-17 വർഷത്തേക്കുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.15(x)(സി) അനുസരിച്ച് വൈദ്യുതി ബോർഡുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ മുൻകൂർ അനുവദിക്കാവൂ എന്ന് വ്യവസ്ഥയുണ്ട്. എന്നാൽ കരാറിൽ ഏർപ്പെടാതെയാണ് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. ആയതിനാൽ പൂർത്തീകരണ കാലാവധി നിശ്ചയിക്കപ്പെട്ടിട്ടില്ല.

ഉത്തരവിലെ വ്യവസ്ഥ ശ്രദ്ധയിൽപ്പെടാതിരുന്നതിനാലാണ് എഗ്രിമെന്റ് വെക്കാതിരുന്നതെന്ന് ഓഡിറ്റ് അന്വേഷണം നം. 3/24-8-2017 നുള്ള മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്.

പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി പൂർത്തീകരിക്കേണ്ടതാണ്

199/17- ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 325500

52500 – ബിൽ നം. 22/21-1-2017, 110250 -ബിൽ നം. 654/25-8-2016, 45000 -ബിൽ നം. 1453/6-3-2017, 60000 -ബിൽ നം. 1454/6-3-2017 57750 – ചെക്ക് നം. 458414/31-1-2017

യൂണിറ്റ് ഒന്നിന് 10500 രൂപ വിലയുള്ള $0.5m^3$ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് 100 പേർക്ക് ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. നിർവ്വഹണ ഏജൻസിയായി മുണ്ടൂർ ഐ.ആർ.ടി.സി എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിരുന്നത്.

നാളിതുവരെ 41 പ്ലാന്റുകൾ ഐ.ആർ.ടി.സിയിൽ നിന്നും പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്. 105000 രൂപ ഐ.ആർ.ടി.സിക്ക് നൽകുവാൻ ബാക്കി നിൽക്കുന്നുണ്ട്.

ലഭ്യമായ പ്ലാന്റുകളിൽ ഒരു പ്ലാന്റ് നാളിതുവരെ വിതരണം ചെയ്തിട്ടില്ല. ആയത് പഞ്ചായത്ത് പരിസരത്ത് സൂക്ഷിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. ആയത് ഉടൻ വിതരണം ചെയ്യുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 3/24-8-2017 നുള്ള മറുപടിയിൽ സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. ഐ.ആർ.ടി.സിക്ക് നൽകുവാനുള്ള ബാക്കി തുക അനുവദിക്കേണ്ടതാണ്.
2. വിതരണം ചെയ്യുവാനുള്ള പ്ലാന്റ് അടിയന്തിരമായി വിതരണം ചെയ്യേണ്ടതാണ്.
3. ലക്ഷ്യമിട്ടതിലും കുറവ് ഗുണഭോക്താക്കൾക്ക് മാത്രമാണ് പദ്ധതിയുടെ ഗുണം ലഭിച്ചിട്ടുള്ളത്. ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിനായി ഏറ്റെടുക്കുന്ന ഇത്തരം പദ്ധതികൾ പരമാവധി പേർക്ക് പ്രയോജനം ലഭ്യമാക്കുന്ന വിധത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. ഗുണഭോക്താക്കൾ പ്ലാന്റുകൾ പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ മോണിറ്ററിംഗ് ശക്തമാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-7 ടെണ്ടർ ക്ഷണിച്ചതിനു ശേഷം അടങ്കൽ തുക മാറ്റി നിശ്ചയിക്കുന്നത് ഒഴിവാക്കേണ്ടതാണ്

തെരുവു വിളക്കുകൾ, കുടിവെള്ള പദ്ധതികൾ എന്നിവയുടെ വാർഷിക അറ്റകുറ്റപണികൾക്കായുള്ള ടെണ്ടർ നടപടികളിലെ കാര്യക്ഷമത പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

തെരുവു വിളക്കുകളുടേയും കുടിവെള്ള പദ്ധതികളുടേയും വാർഷിക അറ്റകുറ്റ പണികൾക്കായുള്ള ടെണ്ടറുകളുടെ പരസ്യത്തിൽ സൂചിപ്പിച്ച അടങ്കൽ തുക ടെണ്ടർ നടപടികൾക്ക് ശേഷം മാറ്റി നിശ്ചയിക്കുകയും ടെണ്ടർ ലഭ്യമായ കരാറുകാർക്ക് ആയതനുസരിച്ച് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കരാർ ക്ഷണിച്ച് എഗ്രിമെന്റ് വെച്ചതിനു ശേഷം മാസങ്ങൾ കഴിഞ്ഞാണ് പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്. പ്രൊജക്ടിൽ മറ്റൊരു അടങ്കൽ തുക നിശ്ചയിക്കുകയും ടെണ്ടർ ലഭിച്ച കരാറുകാർക്ക് പുതിയ അടങ്കലിനനുസരിച്ച് തുക അനുവദിക്കുകയും ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ടെണ്ടർ പരസ്യം - A2- 2528/16/ 2-3-2016

| ക്രമ നം. | പ്രവൃത്തി | ടെണ്ടർ നോട്ടീസ് പ്രകാരം അടങ്കൽ | പ്രൊജക്റ്റ് പ്രകാരം അടങ്കൽ | കരാറുകാരൻ | ടെണ്ടർ ഫോറം വിലയിലെ നഷ്ടം | ലഭ്യമായ ടെണ്ടറുകൾ | ആകെ നഷ്ടം |
|---|---|---|---|---|---|---|---|
| 1 | 80/17-കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിക് മെയ്ന്റനൻസ് | 1000000<br>(തനത് ഫണ്ട്) | 1500000 | ശ്രീ.കെ.ഉദയകുമാർ<br>എഗ്രിമെന്റ് തിയതി -<br>10-5-2016<br>ടെണ്ടർ ഫോറം വില - 2000 | ഈടാക്കേണ്ടിയിരുന്നത് - 1500000*0.15/100<br>=2300 (റൗണ്ട് ചെയ്തത്)<br>നഷ്ടം - 300 | 2 | 600 |
| 2 | 81/17-കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിക് മെയ്ന്റനൻസ് | 1000000<br>(തനത് ഫണ്ട്) | 2000000 | ശ്രീ.കെ.വി. രാമചന്ദ്രൻ<br>എഗ്രിമെന്റ് തിയതി -<br>10-5-2016<br>ടെണ്ടർ ഫോറം വില - 2000 | ഈടാക്കേണ്ടിയിരുന്നത് - 2000000*0.15/100<br>= 3000 (റൗണ്ട് ചെയ്തത്)<br>നഷ്ടം - 1000 | 2 | 2000 |
| 3 | 82/17-തെരുവു വിളക്കുകളുടെ വാർഷിക മെയ്ന്റനൻസ് | 1000000<br>(തനത് ഫണ്ട്) | 2000000 | ശ്രീ.രൂപേഷ്.കെ<br>എഗ്രിമെന്റ് തിയതി -<br>10-5-2016 | ഈടാക്കേണ്ടിയിരുന്നത് - 2000000*0.15/100<br>= 3000 (റൗണ്ട് ചെയ്തത്) | 2 | 2000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ടെണ്ടർ ഫോറം വില - 2000 | നഷ്ടം - 1000 | | |
| നഷ്ടം | | | | | 2300 | | 4600 |

പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് ഭരണസമിതിയുടെ 22-3-2016 ലെ തീരുമാനം 9 പ്രകാരമാണ് മേൽ ടെണ്ടറുകൾ അംഗീകരിച്ചിട്ടുള്ളത്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

ടെണ്ടർ നടപടികൾ 3/2016 ൽ പൂർത്തീകരിച്ചതിനു ശേഷം 28-9-2016 നാണ് പ്രൊജക്റ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്. വ്യക്തമായ പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കിയതിനു ശേഷം മാത്രം ഇത്തരം സേവനങ്ങൾക്കുള്ള തുക നിശ്ചയിക്കേണ്ടതാണ്. ടെണ്ടർ നോട്ടീസിലും പ്രൊജക്റ്റിലും വ്യത്യസ്ത അടങ്കലുകൾ ഉൾപ്പെടുത്തുന്നത് ക്രമപ്രകാരമല്ല. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ തീരുമാനമെടുക്കുന്നത് അടങ്കൽ തുക അടിസ്ഥാനമാക്കിയായതിനാൽ പരാതികൾ ഉണ്ടാകുവാനുള്ള സാധ്യതയും നിലനിൽക്കുന്നുണ്ട്.

ടെണ്ടർ ഫോറം വില, ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ കണക്കാക്കിയിട്ടുള്ളത് ടെണ്ടർ പരസ്യത്തിലെ അടങ്കലിന്റെ അടിസ്ഥാനത്തിലാണ്. പിന്നീട് ടെണ്ടർ തുക വർദ്ധിപ്പിച്ച് ചെലവ് തുക അനുവദിക്കുന്നത് സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങളുടെ ലംഘനമാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ടെണ്ടർ ഫോറം ഇനത്തിലുണ്ടായ നഷ്ടം 4600 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.
2. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർ പർച്ചേസ് മാന്വലിലേയും നിബന്ധനകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
3. അഞ്ച് ലക്ഷത്തിനു മുകളിലുള്ള ടെണ്ടറുകൾ ഇ-ടെണ്ടർ മുഖേന നടത്തേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

പദ്ധതി അടങ്കൽ മുൻകൂട്ടി നിശ്ചയിക്കുന്നതിൽ അപാകത ഉണ്ടായിട്ടുണ്ടെന്നും ഓഡിറ്റ് ചൂണ്ടികാട്ടിയ അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം നം. 3/24-8-2017 നുള്ള മറുപടിയിൽ സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ച സോളാർ പ്ലാന്റ് പ്രവർത്തനക്ഷമമായില്ല - ലക്ഷങ്ങളുടെ നഷ്ടം - തുടർനടപടികൾ ആവശ്യപ്പെടുന്നു

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന്റെ ചെലവ് രേഖകളുടെ പരിശോധനയിൽ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2016-17 വർഷത്തിൽ 68314 രൂപ ഒടുക്കിയിട്ടുള്ളതായി കണ്ടെത്തി. (കൺസ്യൂമർ നം. 7570). 2015-16 വർഷത്തിൽ 53104 രൂപ ഈ ഇനത്തിൽ ചെലവായിട്ടുണ്ട്. ഓഫീസ് കെട്ടിടത്തിലെ വൈദ്യുതോപകരണങ്ങൾ പൂർണ്ണമായും സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിനായി 3/2015 ൽ സ്ഥാപിച്ച സൗരോർജ്ജ പ്ലാന്റ് പ്രവർത്തന രഹിതമാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ലോകബാങ്ക് സഹായമായ 10 ലക്ഷം രൂപ ചെലവഴിച്ച് 3/2015 ൽ ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ സ്ഥാപിച്ച 6 കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച ഉടൻ തന്നെ പ്രവർത്തനരഹിതമായിട്ടും തകരാറുകൾ നാളിതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ. സൗരോർജ്ജ പ്ലാന്റ് നിർമ്മാണത്തിന്റെ വിശദാംശങ്ങൾ

പ്രൊ.നം. 84/15

അടങ്കൽ - 10 ലക്ഷം (കെ.എൽ.ജി.എസ്.ഡി.പി)

ചെലവ് - 10 ലക്ഷം (ഡിഡി നം. 067236/5-3-2015)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

സ.ഉ(സാധാ)നം. 1384/14/തസ്വഭവ തിയതി 3-6-2014 പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം എന്ന സ്ഥാപനത്തിനെ സൗരോർജ്ജ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട്. അനർട്ട്, എം.എൻ.ആർ.ഇ എന്നീ സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം പ്ലാന്റ് സ്ഥാപിക്കേണ്ടതെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് ഭരണസമിതിയുടെ 31-7-2014 ലെ തീരുമാനം 1(2) പ്രകാരം ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനായി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും സ്ഥാപനവുമായി എഗ്രിമെന്റ് ഒപ്പുവെക്കുകയും ചെയ്തു.

ബി. എഗ്രിമെന്റ് വ്യവസ്ഥകൾ

16-10-2014 ന് സെക്രട്ടറിയുമായി ഒപ്പുവെച്ച എഗ്രിമെന്റിലെ വ്യവസ്ഥ നം. 6 പ്രകാരം സോളാർ പാനലുകൾക്ക് 25 വർഷവും ബാറ്ററികൾക്ക് 5 വർഷവും ഇലക്ട്രോണിക് പാർട്സുകൾക്ക് 1 വർഷവും ഗാരണ്ടിയുണ്ട്.

വ്യവസ്ഥ നം. 7 പ്രകാരം ഒരു വർഷത്തിനു ശേഷം തുടർ സേവനത്തിന് എ.എം.സി യിൽ ഏർപ്പെടാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

സി. പ്ലാന്റിന്റെ ശേഷി

ഇൻവോയ്സ് നം. (315/29-12-2014) പ്രകാരം സ്ഥാപിക്കപ്പെട്ട സോളാർ പ്ലാന്റിന്റെ ശേഷി 6 കിലോ വാട്ട് ആണ്.

ബാറ്ററിയുടെ ശേഷി - 100 AH, 12 V – 8 എണ്ണം.

രേഖകൾ പ്രകാരം 28-2-2015 നാണ് പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്.

ഡി. പ്ലാന്റിന്റെ പ്രവർത്തനം

പ്ലാന്റ് സ്ഥാപിച്ചത് അനർട്ടിന്റെയും എം.എൻ.ആർ.ഇ യുടേയും നിബന്ധനകൾക്കനുസരിച്ചാണോ എന്ന്

പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബാറ്ററിയുടെ ശേഷി 180 AH ആയി വർദ്ധിപ്പിക്കുവാൻ 7-3-2015 ലെ എ2-3912/15 നം. കത്ത് പ്രകാരം സ്ഥാപനത്തോട് ആവശ്യപ്പെട്ടുവെങ്കിലും സ്ഥാപനത്തിന്റെ ഭാഗത്തുനിന്ന് പ്രതികരണമൊന്നും ഉണ്ടായിട്ടില്ല..

പ്ലാന്റ് സ്ഥാപിച്ച് രണ്ടു ദിവസത്തിനകം പ്രവർത്തന രഹിതമായതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 25-3-2015 ന് യു.ഐ.ഇ ലിമിറ്റഡിന് അയച്ച എ2-2822/15 നം. കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. തുടർന്ന് 18-5-2015 ന് ഓർമ്മക്കുറിപ്പ് അയച്ചുവെങ്കിലും സ്ഥാപനം പ്ലാന്റ് പരിശോധിച്ച് അപാകതകൾ പരിഹരിച്ചിട്ടില്ല.

സ്ഥാപനത്തിനെതിരെ ഗ്രാമപഞ്ചായത്ത് 24-8-2015 ന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് പരാതി അയച്ചുവെങ്കിലും സർക്കാരിൽ നിന്നും നാളിതുവരെ നിർദ്ദേശങ്ങളൊന്നും ഉണ്ടായിട്ടില്ല.

ഇ. പ്ലാന്റിന്റെ നിലവിലെ അവസ്ഥ

പ്ലാന്റ് ഇപ്പോഴും നിഷ്ക്രിയാവസ്ഥയിൽ ആണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. പഞ്ചായത്ത് കെട്ടിടത്തിന്റെ ഏറ്റവും മുകളിലെ നിലയുടെ മേൽക്കൂരയിൽ ഓടിന്റെ മുകളിലാണ് സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുള്ളത്. അശാസ്ത്രീയമായ രീതിയിലാണ് പാനലുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് പ്രഥമദൃഷ്ട്യാ ബോധ്യപ്പെടുന്നതാണ്. മേൽക്കൂരക്കു മുകളിൽ എത്തിപ്പെടുവാൻ പ്രായോഗികമായി ബുദ്ധിമുട്ടുള്ള സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള പാനലുകൾ കാണുവാനോ വൃത്തിയാക്കുവാനോ സാധിക്കാത്ത അവസ്ഥയിലാണുള്ളത്. ബാറ്ററികളും സുരക്ഷിതമായല്ല സൂക്ഷിച്ചിട്ടുള്ളതെന്ന് 24-8-2017 ന് നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടു.

എഫ്. ഓഡിറ്റ് നിരീക്ഷണങ്ങൾ

ഊർജ്ജ സംരക്ഷണവും സാമ്പത്തിക നേട്ടവും ലക്ഷ്യമിട്ട് സ്ഥാപിച്ച പ്ലാന്റിനായി ചെലവഴിച്ച ലോകബാങ്ക് സഹായമായ 10 ലക്ഷം രൂപ പാഴായതായി വിലയിരുത്തുന്നു.

പ്ലാന്റ് പ്രവർത്തന ക്ഷമമായിരുന്നുവെങ്കിൽ പഞ്ചായത്ത് കെട്ടിടത്തിന്റെ 4/2015 മുതൽക്കുള്ള വൈദ്യുതി ചാർജ്ജ് പൂർണ്ണമായും ഒഴിവാകുമായിരുന്നു. ഈ ഇനത്തിൽ ഉണ്ടായികൊണ്ടിരിക്കുന്ന ചെലവ് അധിക ബാധ്യതയാണ്.

വാറണ്ടി കാലയളവിനുള്ളിൽ പ്ലാന്റ് പ്രവർത്തന രഹിതമായിട്ടും കേടുപാടുകൾ തീർക്കുവാൻ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനം തയ്യാറാകാതിരുന്ന സാഹചര്യത്തിൽ എഗ്രിമെന്റ് ലംഘനത്തിന്മേൽ നിയമനടപടികൾ സ്വീകരിക്കാതിരുന്നത് ഗ്രാമപഞ്ചായത്തിന്റെ വീഴ്ചയായി വിലയിരുത്തുന്നു.

അനർട്ട്, എം.എൻ.ആർ.ഇ എന്നീ സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം പ്ലാന്റ് സ്ഥാപിക്കേണ്ടതെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്ലാന്റ് സ്ഥാപിക്കുന്നതിനു മുൻപും, ആയതിനു ശേഷവും അനർട്ടിന്റെ സാങ്കേതിക സഹായം തേടിയിട്ടില്ല.

ജി. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. 25 വർഷം വരെ ആയുസ്സുള്ള പ്ലാന്റ് രണ്ട് ദിവസത്തിനകം പ്രവർത്തന രഹിതമായത് ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതും ഉചിതമാർഗ്ഗേന സർക്കാരിന്റെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമം തുടരേണ്ടതുമാണ്.

2. അനർട്ടിലെ എഞ്ചിനിയർമാരുടെ സേവനം പ്രയോജനപ്പെടുത്തി പ്ലാന്റ് സ്ഥാപിച്ചതിലെ അപാകതകൾ കണ്ടെത്തേണ്ടതാണ്.
3. കരാർ ലംഘനത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.
4. പഞ്ചായത്ത് കെട്ടിടത്തിന്റെ 4/2015 ന് ശേഷമുള്ള വൈദ്യുതി ചാർജ്ജ് അധിക ബാധ്യതയായതിനാൽ സ്ഥാപനത്തിൽ നിന്ന് നഷ്ടപരിഹാരം ആവശ്യപ്പെടുന്നതിനുള്ള നിയമസാധ്യത പരിശോധിക്കേണ്ടതാണ്.
5. പ്ലാന്റ് അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് ഊർജ്ജ സംരക്ഷണവും സാമ്പത്തിക നേട്ടവും ഉറപ്പാക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 7/25-8-2017 നുള്ള മറുപടിയിൽ അടുത്ത ഭരണസമിതി യോഗത്തിൽ പ്രത്യേക അജണ്ടയായി വിഷയം ചർച്ച ചെയ്തതിനുശേഷം സ്ഥാപനത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

- ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.
- തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.



പ്ലാന്റിന്റെ ഭാഗമായി സ്ഥാപിച്ച സുരക്ഷിതമല്ലാത്ത അവസ്ഥയിലുള്ള ബാറ്ററികൾ

## 3-9 ഖരമാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി തുടർപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്

വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ ഖരമാലിന്യ സംസ്കരണ സംവിധാനം വിലയിരുത്തുന്നതിന്റെ ഭാഗമായി വിവിധ രേഖകൾ പരിശോധിക്കുകയും ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥൻമാരുമായും ആശയ വിനിമയം നടത്തുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റ് സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. 2016-17 വർഷത്തിൽ ഖരമാലിന്യ സംസ്കരണത്തിനായി ഗ്രാമപഞ്ചായത്ത് കൈക്കൊണ്ട നടപടികൾ ഫലപ്രദമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ. 2016-17 വരെ നിലവിലുണ്ടായിരുന്ന സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ നിന്നും മാലിന്യം ശേഖരിച്ച് 11-ാം വാർഡിലെ ആര്യൻകടവ് എന്ന സ്ഥലത്ത് ഗ്രാമപഞ്ചായത്തിന്റെ ഒരേക്കറോളമുള്ള സ്ഥലത്ത് നിക്ഷേപിക്കുന്ന രീതിയാണ് തുടർന്നു വന്നിരുന്നത്.

ബി. മാലിന്യത്തിന്റെ അളവ്

6/2016 ൽ കുടുംബശ്രീയുടെ സഹകരണത്തോടെ നടത്തിയ സർവ്വേയിൽ ഒരു ദിവസം 4 ടൺ മാലിന്യം പഞ്ചായത്തിൽ ഉണ്ടാകുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ടൗൺ പരിസരത്തെ 11 മുതൽ 14 വരെയുള്ള വാർഡുകളിലാണ് കൂടുതൽ മാലിന്യം കാണപ്പെടുന്നതെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.

സി. ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം - ഒന്നാം ഘട്ടം

2016-17 വർഷത്തിൽ ആര്യൻകടവിൽ 2654626 രൂപ ചെലവഴിച്ച് ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം ആരംഭിക്കുകയും നിലവിൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്ലാന്റിൽ ഭാഗികമായി ജൈവ വള ഉത്പാദനം ആരംഭിച്ചിട്ടുണ്ട്.

പ്ലാന്റ് നിർമ്മാണത്തിന്റ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊ.നം. 22/17-ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം

അടങ്കൽ - 2654891 (കേന്ദ്രാവിഷ്കൃതം-1000000 + തനത് ഫണ്ട് - 1154891 + മറ്റുള്ളവ – 500000)

ചെലവ് - 2654626 (കേന്ദ്രാവിഷ്കൃതം-1000000 (ബിൽ നം. 1145/22-12-2016) + തനത് ഫണ്ട് - 1154626 (ബിൽ നം. 1139/10-1-2017) + മറ്റുള്ളവ – 500000 (ബിൽ നം. 1394/28-12-2017)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനിയർ

കരാറുകാരൻ - ശ്രീ.വിനോദ്.സി.എം

മുണ്ടൂർ ഐ.ആർ.ടിസി യുടെ സഹകരണത്തോടെ തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ആരംഭിച്ച പ്ലാന്റിന്റെ ആദ്യ ഘട്ട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ഡി. പ്ലാന്റിന്റെ രണ്ടാം ഘട്ടനിർമ്മാണം

പ്ലാന്റിലെ കെട്ടിടങ്ങളുടെ പൂർത്തീകരണത്തിനായി 2017-18 വർഷത്തിൽ തുടർ പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുണ്ട്.

പ്രൊ.നം. 70/17 (191/18)

അടങ്കൽ - 2000000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 16 ലക്ഷം + തനത് ഫണ്ട് - 4 ലക്ഷം).

നിലവിൽ ഷെഡ്ഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും അവസാന ബിൽ തുകയായ 19.99 ലക്ഷം രൂപ കരാറുകാരന് അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നതായി അസി. എഞ്ചിനിയർ അറിയിച്ചു.

കൗ ഡംഗ് യൂണിറ്റ്, ഡ്രൈയിംഗ് യൂണിറ്റ് എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്.

പ്ലാന്റിൽ ബോർവെൽ കുഴിച്ച് ജല ലഭ്യത ഉറപ്പാക്കുകയും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.





ചിത്രം-1-മാലിന്യ സംസ്കരണ പ്ലാന്റിന്റെ ഒരു ഭാഗം

ഇ. ജൈവ വള ഉത്പാദനം

നിലവിൽ വിൻഡ്രോ കംപോസ്റ്റ് യൂണിറ്റിന്റെ പ്രവർത്തനം ഭാഗികമായി ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ 500 Kg ജൈവ വളം ഉത്പാദിപ്പിച്ചിട്ടുള്ളതായി അധികൃതർ അറിയിച്ചു. കൃഷി ഓഫീസറുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹെൽത്ത് ഇൻസ്പെക്ടറുടെ പ്രവർത്തനവും ശ്ലാഘനീയമാണ്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുന്ന രീതി അഭിനന്ദനാർഹമാണ്.

എഫ്. പ്ലാസ്റ്റിക് മാലിന്യങ്ങളുടേയും മറ്റ് അജൈവ മാലിന്യങ്ങളുടേയും സംസ്കരണം

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിച്ച് പ്ലാന്റിൽ എത്തിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രെഡ്ഡിംഗ് നടത്തുന്നതിനായി പ്ലാന്റിന്റെ ഒരു മുറിയിൽ സൂക്ഷിച്ച വരുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു.



ചിത്രം-2-ഷ്രെഡ്ഡിംഗിനായി സൂക്ഷിച്ചിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ

വളം നിർമ്മാണത്തിനുശേഷം അവശേഷിക്കുന്ന ഒരു തരത്തിലും സംസ്കരിക്കുവാൻ സാധിക്കാത്ത മാലിന്യങ്ങൾ പ്ലാന്റിന്റെ പരിസരത്ത് നിക്ഷേപിച്ചിട്ടുണ്ട്. ഇത്തരം മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ഒരു ഇൻസിനറേറ്റർ സ്ഥാപിക്കുവാനാണ് ഗ്രാമപഞ്ചായത്ത് ലക്ഷ്യമിട്ടിട്ടുള്ളത്.



ചിത്രം-3-പ്ലാന്റിന്റെ പരിസരത്ത് നിക്ഷേപിച്ചിട്ടുള്ള ഒരു തരത്തിലും സംസ്കരിക്കുവാൻ സാധിക്കാത്ത

മാലിന്യങ്ങൾ

ജി. തുടർ പദ്ധതികളുടെ വിവരം

2017-18 വർഷത്തിൽ മെഷിനറികൾ സ്ഥാപിക്കുന്നതിനായി താഴെ പറയുന്ന രണ്ട് പ്രൊജക്റ്റുകൾ ആവിഷ്കരിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് | അടങ്കൽ | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|
| 158/18-പ്ലാസ്റ്റിക് ഷ്രെഡിംഗ് & ബെയ്ലിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ | 500000 (വികസന ഫണ്ട്) | സെക്രട്ടറി |
| 246/18-ഇൻസിനറേറ്റർ/ വേസ്റ്റ് ഡിസ്പോയർ സ്ഥാപിക്കൽ | 1000000 (തനത്ഫണ്ട്) | സെക്രട്ടറി |

മേൽ പ്രൊജക്റ്റുകൾ പ്രകാരം ഇൻസിനറേറ്റർ, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

എച്ച്. ജീവനക്കാരുടെ വിവരം

പഞ്ചായത്തിൽ 8 എഫ്.ടി.എസ് തസ്തികയുള്ളതിൽ 4 സ്ഥിരം ജീവനക്കാരാണ് നിലവിലുള്ളത്. 4 പേർ താത്കാലികാടിസ്ഥാനത്തിലും ജോലി ചെയ്യുന്നുണ്ട്. കൂടാതെ കുടുംബശ്രീയുടെ 5 പേരെ മാലിന്യ ശേഖരണത്തിനും 8 പേരെ സംസ്കരണ പ്ലാന്റിലും നിയോഗിച്ചിട്ടുണ്ട്. ട്രാക്ടറിനും ഓട്ടോ റിക്ഷയ്ക്കും ഡ്രൈവർമാരേയും നിയമിച്ചിട്ടുണ്ട്.

ഐ. വാഹനങ്ങൾ

ഒരു ട്രാക്ടറും, ഒരു ഗുഡ്സ് ഓട്ടോയുമാണ് മാലിന്യ നീക്കത്തിനായി ഉപയോഗിക്കുന്നത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 എം വകുപ്പ് പ്രകാരം മാലിന്യം നീക്കം ചെയ്യുന്നതിന് മൂടിയില്ലാത്ത വണ്ടി ഉപയോഗിക്കുവാൻ പാടില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് ഉപയോഗിക്കുന്ന രണ്ട് വണ്ടികളും നിയമാനുസൃതമല്ല.

ജെ. ഉറവിട മാലിന്യ സംസ്കരണത്തിനായി 2016-17 ൽ ആവിഷ്കരിച്ച പദ്ധതികൾ

ടൗൺ വാർഡുകളായ 11, 12, 13, 14 എന്നിവിടങ്ങളിലെ 1600 വീടുകളിൽ ഉറവിട ജൈവ പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി കൃഷി ഓഫീസർ രണ്ട് പ്രൊജക്റ്റുകൾ ആവിഷ്കരിക്കുകയും 327644 രൂപ ചെലവഴിക്കുയും ചെയ്തിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി സെക്രട്ടറി മുഖേന 325500 രൂപയും ചെലവഴിച്ചിട്ടുണ്ട്.

കെ. പ്ലാസ്റ്റിക് നിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ

ക്ലീൻ വടക്കഞ്ചേരി എന്ന ആശയം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അധികൃതർ അറിയിച്ചു. ഗ്രാമപഞ്ചായത്തിലെ എല്ലാ കച്ചവട സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് നിരോധിച്ചിട്ടുണ്ട്. വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ടെന്ന് അധികൃതർ അറിയിച്ചു. 8/2017 ൽ 11 സ്ഥാപനങ്ങളിൽ നിന്നും 5500 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

എൽ. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. മാലിന്യ സംസ്കരണ പ്രൊജക്റ്റുകൾ 'ഹരിത കേരളം' മിഷന്റെ ഭാഗമായുള്ള ശുചിത്വ

പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്ന വിധത്തിൽ ആയിരിക്കേണ്ടതാണെന്ന 13-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പരിഗണിക്കേണ്ടതാണ്.

2. കേന്ദ്രീകൃത മാലിന്യ സംസ്കരണം എന്നത് പരാജയമാകും എന്ന് തിരിച്ചറിഞ്ഞ് പ്ലാന്റിലേക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറവു ചെയ്യുക എന്ന സമീപനം സ്വീകരിക്കേണ്ടതും ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുന്നതിനുള്ള ബോധവത്കരണ പ്രവർത്തനങ്ങളും തുടർ പദ്ധതികളും കാര്യക്ഷമമാക്കേണ്ടതാണ്.

3. ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവരുടെ സാങ്കേതിക സഹകരണവും ഫണ്ടും മാലിന്യ സംസ്കരണത്തിനായി ഉറപ്പാക്കേണ്ടതാണ്.

4. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളിൽ കംപോസ്റ്റ് പിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

5. വിവിധ സ്ഥലങ്ങളിൽ പ്ലാസ്റ്റിക് കളക്ഷൻ സെന്ററുകൾ ആരംഭിച്ച് പ്ലാന്റിലേക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറവു ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

6. ടാറിംഗ് പ്രവൃത്തികൾക്ക് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനുള്ള സാധ്യത എഞ്ചിനിയറിംഗ് വിഭാഗം പരിശോധിച്ച് പ്രാവർത്തികമാക്കേണ്ടതാണ്.

7. വ്യാപാര സ്ഥാപനങ്ങൾക്ക് സ്വന്തമായ മാലിന്യ സംസ്കരണ സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

8. പ്ലാസ്റ്റിക് വേസ്റ്റ് റൂൾസ് 2016 ലെ നിർദ്ദേശാനുസരണം വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വില്പന നടത്തുവാൻ പാടുള്ളൂ എന്ന് സർക്കുലർ നം. 576/സി.സി.1/16/തസ്വഭവ തിയതി 24-9-2016 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശം അനുസരിച്ചുള്ള തുടർ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

9. മാലിന്യ നിയന്ത്രണം ശക്തമാക്കുന്നതിനായി വ്യാപാരി-വ്യവസായകൾ, പൊതുജനങ്ങൾ, സ്കൂൾ കുട്ടികൾ എന്നിവർക്കിടയിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ആയതിനായി വിവിധ വകുപ്പുകളുടെ ഏകോപനം ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

10. മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങളും യന്ത്രോപകരണങ്ങൾ സ്ഥാപിക്കലും എത്രയും വേഗം പൂർത്തീകരിച്ച് പ്ലാന്റ് പൂർണ്ണ സജ്ജമാക്കേണ്ടതാണ്.

11. മാലിന്യങ്ങൾ കത്തിക്കുന്നതിനുള്ള ഇൻസിനറേറ്റർ കേരളത്തിന്റെ കാലാവസ്ഥക്ക് അനുയോജ്യമല്ലാത്തതാണെന്ന് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2014-16) യുടെ 66-ാമത് റിപ്പോർട്ടിൽ വിലയിരുത്തിയിട്ടുണ്ട്. അനിവാര്യമായ ഘട്ടത്തിൽ അത്തരത്തിലുള്ള യന്ത്രങ്ങൾ സ്ഥാപിമ്പോൾ ശുചിത്വ മിഷന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റേയും മാനദണ്ഡങ്ങൾ എല്ലാം പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

12. പ്ലാന്റിന്റെ പരിസരത്ത് കൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങൾ അടിയന്തിരമായി സംസ്കരിക്കേണ്ടതും പ്ലാന്റും പരിസരവും ആകർഷകമാക്കി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

13. അപകടകരമായ ഇ-വേസ്റ്റ്, ബയോ മെഡിക്കൽ വേസ്റ്റ് എന്നിവ പ്ലാന്റിൽ എത്തുന്നില്ലെന്ന് പ്രത്യേകം

ഉറപ്പാക്കേണ്ടതാണ്. അവയുടെ സംസ്കരണത്തിനായി ചട്ടങ്ങൾ അനുസരിച്ച് പ്രത്യേകം പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

14. മാലിന്യ നീക്കത്തിനും സംസ്കരണത്തിനുമായി താത്കാലികാടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുള്ള തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിച്ച് സർക്കാരിന്റെ അനുമതിയോടെ ഉചിതമായ വേതനം നൽകുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്. തൊഴിലാളികളുടെ ആരോഗ്യ പരിരക്ഷയും ഉറപ്പാക്കേണ്ടതാണ്.

15. മാലിന്യം നീക്കത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങൾ നിയമാനുസൃതമാണെന്ന് ഉറപ്പാക്കേണ്ടതാണ്.

16. പ്ലാന്റിൽ ഉത്പാദിപ്പിക്കുന്ന ജൈവവളം വില്പന നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കേണ്ടതാണ്.

17. പ്ലാന്റിന്റെ പരിപാലനം കാര്യക്ഷമമാക്കുന്നതിനായി ഒരു നിയമാവലി രൂപീകരിക്കുന്നതും ആയതിനനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതും അപാകതകൾ പരിഹരിക്കുന്നതിന് സഹായകമാകും എന്ന് വിലയിരുത്തുന്നു.

18. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ ചട്ടങ്ങളും, ശുചിത്വ മിഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖകളും പാലിച്ചുകൊണ്ട് തുടർ പദ്ധതികൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

19. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്കുള്ള ബദൽ സംവിധാനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം 2/24-8-2017 നുള്ള മറുപടിയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. 31-8-2017 ലെ എക്സിറ്റ് മീറ്റിംഗിലും വിഷയം ചർച്ച ചെയ്തു.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കേണ്ടതാണ്

പ്രൊജക്റ്റ് നം. 2/17 പ്രകാരം 1 ലക്ഷം രൂപയും 144/17 പ്രകാരം 1 ലക്ഷം രൂപയും ഐ.എസ്.ഒ സർട്ടിഫിക്കേഷനു വേണ്ടി വകയിരുത്തിയിട്ടുണ്ടെങ്കിലും തൻവർഷം ലക്ഷ്യം കൈവരിച്ചിട്ടില്ല.

പഞ്ചായത്തിന്റെ ഭൗതിക സാഹചര്യം ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാകുന്നതിന് അനുകൂലമായിട്ടും ലക്ഷ്യം കൈവരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 3/24-8-2017 നുള്ള മറുപടിയിൽ നഗര സ്വഭാവമുള്ള പഞ്ചായത്തിലെ ജീവനക്കാരുടെ ജോലി ഭാരവും ജെ.എസ് തസ്തിക നീണ്ടകാലം ഒഴിഞ്ഞു കിടന്നതിനാലും പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചില്ല എന്ന് വിശദീകരിച്ചിട്ടുണ്ട്. നിലവിൽ ഭൗതിക സാഹചര്യം ഒരുക്കിയിട്ടുണ്ടെന്നും ഫയലുകൾ ക്രമപ്പെടുത്തുന്ന ജോലികൾ പൂർത്തീകരിച്ചു വരികയാണെന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന സർക്കാർ

മാർഗ്ഗനിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിച്ച് ലക്ഷ്യം കൈവരിക്കേണ്ടതാണ്.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് സ.ഉ (എം.എസ്) നം. 18/15/ത.സ്വ.ഭ.വ തിയ്യതി 29.1.2015 പ്രകാരം പുറപ്പെടുവിച്ച പരിഷ്കരിച്ച മാർഗ്ഗരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

സേവന ഗുണമേന്മ എന്ന ലക്ഷ്യത്തോടെ പൗരൻമാർക്ക് തൃപ്തികരവും കാല വിളംബമില്ലാതെയും സേവനം ലഭ്യമാക്കാൻ പ്രാദേശിക സർക്കാരുകൾക്ക് ഉത്തരവാദിത്തമുണ്ട്. ആയതിനായി ടോട്ടൽ ക്വാളിറ്റി മാനേജ്മെൻറ് നടപ്പിലാക്കേണ്ടതാണ്. ഭരണസംവിധാനത്തിൽ സമ്പൂർണ്ണ ഗുണമേന്മ ഉറപ്പുവരുത്തുന്നതിലൂടെ ജനസംതൃപ്തിയോടുള്ള സേവനം സാധ്യമാക്കാം എന്നതാണ് ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ലക്ഷ്യമിടുന്നത്. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിലൂടെ ഭരണസംവിധാനത്തിൻെറ ഗുണമേന്മയുടെ മുഖമുദ്രയായ ഐ.എസ്.ഒ.9001:2008 കരസ്ഥമാക്കുകയും ചെയ്യാം.

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിലൂടെ താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.

1. പ്രവർത്തനങ്ങൾ ജനകേന്ദ്രീകൃതമാക്കുക.

2. ഓഫീസ് സംവിധാനത്തിൻെറയും വിഭവങ്ങളുടെയും കാര്യക്ഷമതയും ഫലപ്രാപ്തിയും ഗുണനിലവാരവും ഉറപ്പുവരുത്തുക.

3. സേവനങ്ങൾ സമയബന്ധിതമാണെന്ന് ഉറപ്പുവരുത്തുക.

4. പ്രകൃതി സംരക്ഷണം, ശുചിത്വം എന്നിവ സുസ്ഥിരവും ഗുണനിലവാരമുള്ളതും ആയി മാറ്റുന്നതിലൂടെ ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുക.

5. ജനങ്ങൾക്ക് അർഹിക്കുന്ന സേവനത്തിൻെറ ഗുണമേന്മാ സൗകര്യങ്ങളുടെയും സംവിധാനങ്ങളുടെയും നിലവാരം നിർണ്ണയിക്കുകയും നിലനിർത്തുകയും ചെയ്യുക.

6. സ്ത്രീകൾ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ, വയോജനങ്ങൾ, സാമൂഹ്യ-സാമ്പത്തിക പിന്നാക്കാവസ്ഥയുള്ളവർ ഉൾപ്പെടെ എല്ലാ വിഭാഗങ്ങൾക്കും സമത്വം ഉറപ്പുവരുത്തുന്ന രീതിയിൽ സേവനപ്രദാന സംവിധാനം ഏർപ്പെടുത്തുക.

7. ഓഫീസ് സംവിധാനവും, ഭരണ സംവിധാനവും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് തത്വങ്ങളിൽ അധിഷ്ഠിതമാക്കുകയും നിലനിർത്തുകയും ചെയ്യുക.

8. ഗുണമേന്മാ സംവിധാനം ഉറപ്പാക്കുന്നതിനായി ഓഫീസ് സജ്ജീകരണം, ഫ്രണ്ട് ഓഫീസ് സജ്ജീകരണം, പൊതുജന സൗകര്യങ്ങളുടെ സജ്ജീകരണം, ബോർഡുകൾ, റെക്കോർഡ് മാനേജ്മെന്റ്, ഇ-ഗവേർണൻസ്, മോണിറ്ററിംഗ് പ്രവർത്തനങ്ങൾ തുടങ്ങിയ ഘടകങ്ങളിൽ നിർദ്ദേശിക്കപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്തുക.

ഓഡിറ്റ് നിർദ്ദേശം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് സ.ഉ (എം.എസ്) നം. 18/15/ത.സ്വ.ഭ.വ തിയ്യതി 29.1.2015 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-11 കുടുംബശ്രീ മുഖേനയുള്ള പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്

കുടുംബശ്രീ മുഖേന നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് ആവിഷ്കരിച്ച വിവിധ പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. കുടുംബശ്രീ-റിവോൾവിംഗ് ഫണ്ട് ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു-തുടർ നടപടികൾ ആവശ്യപ്പെടുന്നു

പ്രോജക്റ്റ്-83/17-കുടുംബശ്രീ -റിവോൾവിംഗ് ഫണ്ട്

അടങ്കൽ-270000

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

പദ്ധതി നടത്തിപ്പിനായി ബിൽ നമ്പർ 41/29-3-2017 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച 270000 രൂപ സി.ഡി.എസിന്റെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. (യൂണിയൻ ബാങ്ക്, വടക്കഞ്ചേരി, അക്കൗണ്ട് നം. 611202010000907). രേഖകളുടെ പരിശോധനയിൽ തുക നാളിതുവരെ ചെലവഴിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടു.

തുക നാളിതുവരെ ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം. 12/25-8-2017 ന് തുക ഉടൻ വിതരണം ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
സ്പിൽ ഓവർ അംഗീകാരം ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുകയോ അല്ലാത്തപക്ഷം തുക തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്. ആയതുവരെ 270000 രൂപ തടസ്സത്തിൽ വെക്കുന്നു.

ബി. എസ്.സി റിവോൾവിംഗ് ഫണ്ട് വിതരണം പൂർത്തീകരിച്ചില്ല-തുക തിരികെ ഈടാക്കേണ്ടതാണ്

2010-11 സാമ്പത്തിക വർഷത്തിൽ എസ്.സി റിവോൾവിംഗ് ഫണ്ട് ഇനത്തിൽ ചെക്ക് നമ്പർ 172815/26.3.11 പ്രകാരം 200000 രൂപ കുടുംബശ്രീക്ക് നല്കിയതിൽ 10000 രൂപ പ്രകാരം 6 യൂണിറ്റുകൾക്ക് 60000 രൂപ നല്കിയതായും ബാക്കി 140000 രൂപ നാളിതുവരെ ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നതായും കണ്ടെത്തി. ഈ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി. ആശ്രയ ഭവനം-തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല

പ്രോജക്റ്റ്-54/17-ആശ്രയ ഭവനം-സ്പിൽ ഓവർ

അടങ്കൽ-200000

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി നടത്തിപ്പിനായി ട്രഷറി ബിൽ നമ്പർ 14/20-3-2017 പ്രകാരം 200000 രൂപ പിൻവലിച്ച് സി.ഡി.എസിന്റെ പ്ലാൻ ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. (യൂണിയൻ ബാങ്ക്, വടക്കഞ്ചേരി, അക്കൗണ്ട് നം.611202010000907). തുക നാളിതുവരെ ചെലവഴിച്ചിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

നാളിതുവരെ ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ

ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം. 12/25-8-2017 ന് ഈ സാമ്പത്തിക വർഷം തന്നെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
സ്പിൽ ഓവർ അംഗീകാരം ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുകയോ അല്ലാത്തപക്ഷം തുക തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്. ആയതുവരെ 200000 രൂപ തടസ്സത്തിൽ വെക്കുന്നു.

ഡി. പൊതു നിർദ്ദേശങ്ങൾ
ആവശ്യകത വിലയിരുത്തി മാത്രം വികസന ഫണ്ട് പിൻവലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സമൂഹത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി ആവിഷ്കരിക്കപ്പെടുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ പ്രത്യകം ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 മാനസിക രോഗികൾക്കുള്ള മരുന്ന് വാങ്ങി നല്കൽ -സമയബന്ധിതമായി മരുന്ന് ലഭ്യമായില്ല -പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

പ്രോജക്റ്റ് നം.-193/17-മാനസിക രോഗികൾക്കുള്ള മരുന്ന് വാങ്ങി നല്കൽ
നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)

അടങ്കൽ-50000 (വികസനഫണ്ട്)

ചെലവ് – 50000 (ബിൽ നം-10/16-17/14-3-17)
അക്കൗണ്ട് നം. 3624001800000019

പദ്ധതി നടത്തിപ്പിൻെറ ഭാഗമായി മേൽ ബിൽ പ്രകാരം പിൻവലിച്ച തുക കേരള മെഡിക്കൽ സർവ്വീസസ് ലിമിറ്റഡ്, തിരുവനന്തപുരത്തിൻെറ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റായി നല്കിയിട്ടുണ്ട്. Proforma Invoice No.102/17 തിയ്യതി 20.2.17 പ്രകാരം 29 ഇനം മരുന്നുകൾ ആവശ്യപ്പെട്ടതിൽ നാളിതുവരെ ഒന്നും തന്നെ ലഭിച്ചിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. തുക കൈമാറുമ്പോൾ സ്ഥാപനവുമായി എഗ്രിമെന്റ് ചമച്ചതിന് രേഖകൾ ഇല്ല.
മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുമെന്ന് ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം.16/17 തിയ്യതി 26/ 8/17 നുള്ള മറുപടിയിൽ കെ.എം.സി.എല്ലുമായി എഗ്രിമെന്റ് വെക്കാറില്ല എന്നും മരുന്നുകൾ ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി ജില്ലാതല സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തുന്നത് പരിഗണിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
ഓഡിറ്റ് നിർദ്ദേശം
പ്രത്യേക വിഭാഗക്കാർക്കായി ലക്ഷ്യമിട്ട പദ്ധതി പ്രവർത്തനങ്ങൾ മരുന്നുകളുടെ അഭാവത്തിൽ നടപ്പിലായില്ല. മരുന്നുകൾ ലഭ്യമായാൽതന്നെ വിഭാവനം ചെയ്ത പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുമോ എന്നതും വിലയിരുത്തേണ്ടതാണ്. ഈ സാഹചര്യത്തിൽ പദ്ധതിക്കായി നൽകിയ തുക പാഴ്ച്ചെലവായതായി വിലയിരുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുകയോ അല്ലാത്തപക്ഷം കെ.എം.സി.എല്ലിന് നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. ആയതുവരെ 50000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

# 3-13 പാലിയേറ്റീവ് പരിചരണ പരിപാടി - അവലോകനം

പ്രൊജക്റ്റ് നം. 196/17-പാലിയേറ്റീവ് പരിചരണ പരിപാടി
അടങ്കൽ -600000 (വികസന ഫണ്ട്)

ആകെ ചെലവ്-414941

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 പ്രകാരം പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

വീടുകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം. ആയതിനായി ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ വിഹിതമായി വകയിരുത്തിയ 600000 രൂപയിൽ 414941 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പ് രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. ചെലവു വിവരം

| ബിൽ നം., തിയതി | തുക | ബിൽ നം., തിയതി | തുക |
|---|---|---|---|
| 1/27-10-2016 | 111404 | 6/28-1-17 | 6650 |
| 2/27-10-2016 | 24161 | 8/9-3-17 | 28186 |
| 3/24-11-16 | 21088 | 11/23-3-17 | 23792 |
| 4/15-12-16 | 27796 | 13/23-3-17 | 114721 |
| 5/12-1-17 | 28890 | 18/29-3-17 | 28253 |
| ആകെ | | | 414941 |

2017 മാർച്ച് 31 വരെയുള്ള കണക്കു പ്രകാരം പാലിയേറ്റീവ് കെയർ നോമിനൽ രജിസ്റ്ററിൽ ആകെ 581 പേർ രജിസ്റ്റർ ചെയ്യുകയും, അതിൽ ഗൃഹപരിചരണം ആവശ്യമായ 127 പേരെ ഫോളോഅപ്പ് ഹോം കെയർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ഗൃഹപരിചരണം തുടർന്നു വരുകയും ചെയ്യുന്നുണ്ട്. ദിവസത്തിൽ ഒരു തവണയും ആഴ്ചയിൽ 2 മുതൽ 4 തവണയും മാസത്തിൽ ഒരു ദിവസം വീടുകൾ സന്ദർശിച്ച് പരിചരണ പ്രവർത്തനങ്ങൾ നടത്തുകയും ആയത് പ്രതിമാസ യോഗങ്ങളിൽ വിശകലനം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

പാലിയേറ്റീവ് രോഗി ബന്ധു സംഗമം, റാലി, പാലിയേറ്റീവ് ദിനാചരണം വിവിധ സംഘടനകൾ, വ്യക്തികൾ മുതലായവരുടെ സംഭാവന മുഖേന നിർദ്ധനരായ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനകിറ്റ് വിതരണം, ഓണകിറ്റ് വിതരണം, പാലിയേറ്റീവ് പദ്ധതിയുടെ കീഴിൽ രോഗികൾക്ക് ആവശ്യമായ ഉപകരണങ്ങൾ വിതരണം, ആയുർവേദം, ഹോമിയോ മരുന്നുകൾ വാങ്ങൽ എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

i) പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റിയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്

പദ്ധതി നടത്തിപ്പിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ

സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 ലെ ഖണ്ഡിക 2.4 പ്രകാരം പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റിയുടെ (പി.ഐ.സി) രൂപീകരണം, കമ്മിറ്റിയിലെ അംഗങ്ങൾ, കമ്മിറ്റിയുടെ ചുമതലകൾ എന്നിവ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പി.ഐ.സി എല്ലാ മാസവും 5 -ാം തിയതിക്കു മുമ്പായി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. രജിസ്റ്ററുകളുടെ പരിശോധനയിൽ തൻവർഷം ആകെ 6 മീറ്റിംഗ് നടന്നിട്ടുണ്ടെന്ന് ബോധ്യപ്പെട്ടു. പാലിയേറ്റീവ് കെയർ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് പ്രവർത്തനത്തോടൊപ്പം തന്നെ മോണിറ്ററിംഗ് സംവിധാനവും ശക്തമാക്കേണ്ടതാണ്.

ii. ആയുർവേദ മരുന്നുകൾ സമയബന്ധിതമായി ലഭ്യമായില്ല

രോഗികൾക്ക് ആവശ്യമായ ആയുർവേദ മരുന്നുകൾ ലഭ്യമാക്കുന്നതിലേക്ക് Proforma Invoice No. 1657/23.3.17 പ്രകാരം 12 ഇനം മരുന്നുകൾ ഔഷധിയിൽ നിന്നും ആവശ്യപ്പെട്ടതിൽ (രൂപ-25001/-) Invoice No.90027407/26.7.17 പ്രകാരം 8475/-രൂപയുടെ 6 ഇനം മരുന്നുകൾ മാത്രമാണ് നാളിതുവരെയായി ലഭിച്ചിട്ടുള്ളത്. ബാക്കി 16526 രൂപയുടെ മരുന്നുകൾ ലഭിക്കുവാനുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി(പി.എം.സി), പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുകയും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

3. പാലിയേറ്റീവ് പരിചരണ പദ്ധതി തുടർന്നുവരുന്നതിനാൽ വാഹന വാടകയിനത്തിൽ ചെലവഴിക്കുന്ന ഭീമമായ തുക കുറവു ചെയ്യുന്നതിനായി പൊതുജനങ്ങളുടെ സഹകരണത്തോടെയോ സന്നദ്ധസംഘടനകളുടെ സഹായത്തോടെയോ ഒരു വാഹനം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. 29-10-2015 ലെ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ ഉത്തരവിൽ വാഹനം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

4. കൂടുതൽ സ്ഥലങ്ങളിൽ സംഭാവനാ ബോക്സുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. പദ്ധതി നടത്തിപ്പിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 ലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

6. മരുന്നുകൾ ലഭ്യമാകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഈ വിഷയം ഉന്നതാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.11/25.8.17 നുള്ള മറുപടിയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-14 ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല

പ്രൊജക്റ്റ് നം. - 156/2017 – ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്നുകൾ വാങ്ങൽ

അടങ്കൽ - 150000 (മെയ്ന്റനൻസ് ഗ്രാന്റ്-റോഡിതരം)

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (ഹോമിയോ)

ചെലവ് - 150000 രൂപ (ബിൽ നമ്പർ - 1/16-17/19-3-2017)

ഹോമിയോ ഡിസ്പെൻസറിക്ക് 2016-17 സാമ്പത്തിക വർഷത്തിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഹോമിയോപതി കോ-ഓപറേറ്റീവ് ഫാർമസി, ആലപ്പുഴയുടെ ബാങ്ക് അക്കൗണ്ടിലേക്ക് 150000/- രൂപ ട്രാൻസ്ഫർ ക്രെഡിറ്റായി നല്കിയിട്ടുണ്ട്.

അക്കൗണ്ട് നം. 34306403911.

ഇൻവോയ്സ് നം. പി.എഫ്.1026/12-1--2017 പ്രകാരം 19 ഇനം മരുന്നുകളാണ് ആവശ്യപ്പെട്ടിരുന്നത്. നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം Indent പ്രകാരം ആവശ്യപ്പെട്ട മരുന്നുകൾ നിലവിൽ ഡിസ്പെൻസറിയിൽ ഇല്ല എന്നത് സംബന്ധിച്ച ജില്ലാ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം കൂടി ലഭ്യമാക്കേണ്ടതാണ്. എന്നാൽ സാക്ഷ്യപത്രം ലഭ്യാമാക്കാതെയാണ് മരുന്നുകൾക്കായി തുക ചെലവഴിച്ചത്.

മരുന്നുകൾ ലഭ്യമാകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഈ വിഷയം ഉന്നതാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.13/25.8.17 ന് തൃപ്തികരമായ മറുപടി ലഭിച്ചില്ല).

# 3-15 വെളിയിട വിസർജ്ജന വിമുക്ത ഗ്രാമ പദ്ധതി (ODF)- വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ അവലോകനം

തുറസായ സ്ഥലത്ത് മലമൂത്ര വിസർജ്ജനമില്ലാത്ത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കുന്നതിനായി ബേസ്‌ലൈൻ സർവ്വേ പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിനായി 15400/- രൂപ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ശുചിത്വ മിഷൻ ജില്ലാ ഓഫീസിന്റെ 3.2.2016 ലെ 580/15 നം. ഉത്തരവിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ശുചിത്വ മിഷൻ മുഖേന കേന്ദ്ര വിഹിതമായി 12000/- രൂപ വീതം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് നല്കുന്നതിനായി ഗ്രാമപഞ്ചായത്തിന് കൈമാറണമെന്നും നിബന്ധനയുണ്ടായിരുന്നു.
സർക്കാർ ഉത്തരവ്(സാധാ)നം. 2235/2016/തസ്വഭവ തിയ്യതി 25.7.2016 പ്രകാരം വികസനഫണ്ട് വകയിരുത്തുവാനാണ് നിർദ്ദേശിച്ചിരുന്നതെങ്കിലും വികസന ഫണ്ടിനോടൊപ്പം തനത് ഫണ്ടും വകയിരുത്തിയാണ് ഗ്രാമപഞ്ചായത്ത് ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്.

എ. 2016-17 വർഷത്തിൽ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ

ബേസ്‌ലൈൻ സർവ്വേ പ്രകാരം ഗ്രാമപഞ്ചായത്ത് 291 (220 ജനറൽ+71 എസ്.സി) പേരുടെ ലിസ്റ്റ് തയ്യാറാക്കുകയും തൻവർഷത്തിൽ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ച 286 പേർക്ക് ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി വികസനഫണ്ട് ജനറലിൽ നിന്നും 748000 രൂപയും എസ്.സി.പി ഇനത്തിൽ 241400 രൂപയും ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തിയ തുകകളുടെ ചെലവിന്റെ വിവരം താഴെ ചേർക്കുന്നു.

| ഫണ്ടിനം | പിൻവലിച്ച തുക | ബിൽ വിവരം |
|---|---|---|
| തനത് ഫണ്ട് | 3492000 (2640000+852000) | - |
| വികസന ഫണ്ട് | 989400 (748000-ജനറൽ+241400-എസ്.സി.പി) | 1.2/10-11-16=510000<br>2.3/15-11-16=238000<br>3.1/10-11-16=136000<br>4.4/15-11-16=88400<br>5.6/30-3-17=17000 |
| ആകെ | 4481400 | |

തനത് ഫണ്ടിൽ നിന്നും വി.ഇ.ഒയുടെ അക്കൗണ്ടിലേക്ക് തുക മാറ്റിയതിനുശേഷം 5 ഗുണഭോക്താക്കൾ കക്കൂസ് നിർമ്മാണത്തിന് താത്പര്യം പ്രകടിപ്പിക്കാതിരുന്നതിനാൽ ഇവർക്ക് തുക അനവദിച്ചിട്ടില്ല എന്ന് ഓഡിറ്റ് അന്വേഷണം നം.17/26.8.17. നുള്ള മറുപടിൽ വി.ഇ.ഒ വ്യക്തമാക്കിയിട്ടുണ്ട്. ഈ തുകയും അക്കൗണ്ടിൽ മുന്നിരിപ്പായുണ്ടായിരുന്ന തുകയും ഉൾപ്പെടെ വി.ഇ.ഒ യുടെ പേരിലുള്ള BARODA BANK OF INDIA യിലുള്ള അക്കൗണ്ടിൽ 123863 രൂപ നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്. അക്കൗണ്ട് നം.26620100003024

ബി. കേന്ദ്ര വിഹിതം ലഭ്യമായതിന്റെ വിവരം

ഒ.ഡി.എഫ് പദ്ധതിക്കായി ശുചിത്വമിഷൻ മുഖേന 2619000രൂപ കേന്ദ്ര ഫണ്ടായി പിന്നീട് ലഭ്യമായിട്ടുണ്ട്. ടി തുക ഗ്രാമപഞ്ചയത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ചെക്ക് നം. | തുക | അക്കൗണ്ട് |
|---|---|---|
| 122626/27.12.16 | 1222200 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, വടക്കഞ്ചേരി ശാഖ-അക്കൗണ്ട് നം. -813 |
| 111497/17.3.17 | 1396800 | |
| ആകെ | 2619000 | |

സി. വെളിയിട വിസർജ്ജന വിമുക്ത ഗ്രാമപഞ്ചായത്ത്

30.9.2016 ൽ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

ഡി. ഓഡിറ്റ് നിരീക്ഷണം

വികസന ഫണ്ട് മാത്രം വകയിരുത്തുന്നതിനു പകരം തനത്ഫണ്ട് തുക കൂടി ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ചതുമൂലം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന് അധിക ബാധ്യത ഉണ്ടായതായി വിലയിരുത്തുന്നു. തനത് ഫണ്ടിൽ നിന്നും 3492000 രൂപ ചെലവഴിച്ചുവെങ്കിലും കേന്ദ്ര വിഹിതമായി 2619000 മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്. ഇതുമൂലം 873000 രൂപ തനത് ഫണ്ടിന് അധിക ബാധ്യത ഉണ്ടായിട്ടുണ്ട്.

ഇ. ഓഡിറ്റ് നിർദ്ദേശം

1. കേന്ദ്ര ഫണ്ടിനത്തിൽ കുറവായി ലഭ്യമായ തുക ലഭ്യമാക്കുന്നതനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

2. വി.ഇ.ഒ യുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന 123863 രൂപ തനത് ഫണ്ടിലേക്ക് തിരിച്ചടച്ച് അക്കൗണ്ട് അവസാനിപ്പിക്കേണ്ടതാണ്.

3. കാഷ് ബുക്കിൽ ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന പദ്ധതിഫണ്ടും തനത് ഫണ്ട് തുകകളും ലഭ്യമാകുന്ന തിയ്യതിയിൽ വരവായി രേഖപ്പെടുത്തേണ്ടതും ചെലവ് ചെയ്യുന്ന മുറയ്ക്ക് വിവരങ്ങൾ ചെലവ് ഭാഗത്ത് രേഖപ്പെടുത്തേണ്ടതുമാണ്.

4. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റിനായി നല്കുന്ന തുകകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകളിൽ തുക ബാങ്ക് കൈപ്പറ്റിയതിന്റെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം.17/26-8-2017 നുള്ള മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-16 അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്

1. അങ്കണവാടികളുടെ ഭൗതികസാഹചര്യം വിലയിരുത്തൽ

ഗ്രാമപഞ്ചായത്തിൽ ആകെ 32 അങ്കണവാടികളാണുള്ളത്. ഇതിൽ 14 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 6 അങ്കണവാടികൾ വൈദ്യുതീകരിച്ചിട്ടില്ല. 32 അങ്കണവാടികളിൽ ടോയ്‌ലെറ്റ് സൗകര്യം ഉണ്ടെങ്കിലും അവയൊന്നും ബേബി ഫ്രണ്ട്‌ലി അല്ല.
അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള 23-5-2017ലെ പഞ്ചായത്ത് ഡയറക്ടറുടെ എ-1/10034/16 സർക്കുലറിൽ ആരോഗ്യ മേഖലയിൽ നിരവധി സഹായങ്ങളും പ്രതിരോധ ചികിത്സകളും ലഭിക്കുന്ന അങ്കണവാടികളെ അവഗണിച്ച് സാധാരണ ജനങ്ങൾപോലും കൂണുപോലെ മുളച്ച് പൊങ്ങുന്ന ഇംഗ്ലീഷ് മീഡിയം പ്ലേ സ്കൂളുകളിലേക്ക് ആകർഷിക്കപ്പെടുന്നതിനുള്ള പ്രവണത തടയുന്നതിന് ആവശ്യമായ മുൻകരുതലുകൾ എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പുതിയ കെട്ടിടങ്ങൾ തയ്യാറാക്കുമ്പോൾ ആയതിന് പ്ലാൻ തയ്യറാക്കുന്ന എഞ്ചിനീയറിംഗ് വിഭാഗം അങ്കണവാടികൾക്ക് അനിവാര്യമായ കുടിവെള്ള പൈപ്പ്, ഇലക്ട്രിക് വയറിംഗ്, ടോയ്‌ലെറ്റ് എന്നിവകൂടി പ്ലാനിൽ ഉൾപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭ്യമായിട്ടും ആയത് ഉപയോഗിച്ച് കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. അങ്കണവാടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് മുൻഗണന കൊടുക്കുന്നതിന് പകരം ഉള്ള അങ്കണവാടികളുടെ ഗുണനിലവാരവും കാര്യക്ഷമതയും ഉയർത്തുന്നതിന് വേണ്ട നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

2. പോഷകാഹാര പരിപാടിയുടെ കേന്ദ്രസഹായം സമയബന്ധിതമായി ചെലവഴിക്കുന്നില്ല

പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി ബ്ലോക്ക് പഞ്ചായത്ത് മുഖേന ലഭിച്ച തുകയിൽ 1426355 രൂപ ചെലവഴിക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ടെന്ന് പരിശോധനയിൽ കണ്ടെത്തി.

എസ്.ബി.ഐ.വടക്കഞ്ചേരി-അക്കൗണ്ട് നം.813
നീക്കിയിരിപ്പിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1328534 |
| വരവ് | 1569200 |
| ആകെ | 2897743 |
| ചെലവ് | 1471388 |
| നീക്കിയിരുപ്പ് | 1426355 |

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.10/25-8-2017മുഖേനയും 31-8-2017 ലെ എക്സിറ്റ് മീറ്റിംഗിലും വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും മുൻഗണന നൽകി അവ പ്രാവർത്തികമാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-17 അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി നടത്തിപ്പ്- അവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് 2016-17 വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയ 126 പ്രവൃത്തികളിൽ 71 എണ്ണം മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. തൻവർഷം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട 46912274 രൂപയിൽ 22262721 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് ( 47%).

| ക്രമ നം. | പ്രവൃത്തിയുടെ ഇനം | എണ്ണം |
|---|---|---|
| 1 | കുടിവെള്ള പദ്ധതി | 14 |
| 2 | റോഡ് മെറ്റലിംഗ്/ കോൺക്രീറ്റ് | 14 |
| 3 | റോഡ് അരികു സംരക്ഷണം | 1 |
| 4 | റോഡ് ടാറിംഗ്/ റീടാറിംഗ് | 34 |
| 5 | കെട്ടിടം | 8 |
| ആകെ | | 71 |

പരമാവധി തുക ചെലവഴിക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

സ്ഥകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.എഗ്രിമെന്റ് വ്യവസ്ഥകളിൽ കാലഹരണപ്പെട്ട വ്യവ

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 20/29-8-2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-18 കരാറുകാർക്ക് ടാർ വാങ്ങി നൽകുന്നതിനായി എണ്ണ കമ്പനികൾക്ക് നൽകിയ തുകകൾ ക്രമീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനിയർ

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്ത് 36 ടാറിംഗ് പ്രവൃത്തികളാണ് ആവിഷ്കരിച്ചിരുന്നത്. കരാറുകാർക്ക് ഗ്രാമപഞ്ചായത്ത് നേരിട്ട് ടാർ വാങ്ങി നൽകേണ്ടതാണെന്ന് സർക്കുലർ നം. 75/ഡി.എ-1/2017 തിയതി 10-2-2017 പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതനുസരിച്ച് ഓരോ പ്രവൃത്തിക്കും ആവശ്യമായ ടാറിന്റെ ആവശ്യകത കണക്കാക്കി തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് എച്ച്.പി.സി.എൽ, ഹിന്ദുസ്ഥാൻ കോൾസ് എന്നീ എണ്ണ കമ്പനികൾക്ക് നൽകിയിട്ടുണ്ട്.

814 ബാരൽ ടാറിന്റെ വിലയായി ആകെ 4990577 രൂപ വിവിധ ഫണ്ടുകളിൽ നിന്നും പിൻവലിച്ച് എണ്ണ കമ്പനികളുടെ അക്കൗണ്ടിലേക്ക് അസി. എഞ്ചിനിയർ മാറ്റിയിട്ടുണ്ട്.

| ബിൽ നം. /തിയതി | തുക | ഫണ്ട് |
|---|---|---|
| 39/20-2-2017 | 391920 | എസ്.സി.പി |
| 40/20-2-2017 | 4224488 | എം.ജി-റോഡ് |
| 41/20-2-2017 | 305927 | KLGSDP |
| 1473/10-3-2017 | 68242 | തനത് ഫണ്ട് |
| ആകെ | 4990577 | |

എച്ച്.പി.സി.എൽ ന് 21-2-2017 ന് 4119560 രൂപയും (അക്കൗണ്ട് നം. 301815476600-HDFC) ഹിൻകോൾ ന് 21-2-2017 ന് 871017 രൂപയും (അക്കൗണ്ട് നം. Hincol-112963) ആർ.ടി.ജി.എസ് പ്രകാരം കൈമാറിയിട്ടുണ്ട്.

അനുവദിച്ച തുക, ലഭ്യമായ ടാർ, ടാറിന്റെ യഥാർത്ഥ മൂല്യം എന്നീ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. എച്ച്.പി.സി.എൽ (VG-30 ബിറ്റുമിൻ)

| ക്രമ നം. | ഇൻവോയ്സ് നം./തിയതി | ബാരലുകളുടെ എണ്ണം | ആകെ വില |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 16006451/ 25-2-2017 | 85 | 492683.78 |
| 2 | 16006483/27-2-2017 | 85 | 492683.78 |
| 3 | 16006480/27-2-2017 | 100 | 579627.98 |
| 4 | 16006481/27-2-2017 | 85 | 492683.78 |
| 5 | 16006482/27-2-2017 | 85 | 492683.78 |
| 6 | 16006574/28-2-2017 | 85 | 492683.78 |
| 7 | 16006546/28-2-2017 | 60 | 34776.79 |
| 8 | 16006649/1-3-2017 | 85 | 478855.42 |
| 9 | 16008443/27-3-2017 | 47 | 261046.77 |
| ആകെ | | 231 | 3817725.86 |
| അനുവദിച്ച തുക | | | 4119560 |
| എണ്ണ കമ്പനികളുടെ കൈവശമുള്ള തുക | | | 301834.14 |

2. ഹിന്ദുസ്ഥാൻ കോൾസ് (RS1 Emulsion bitumin) & (SS1 Emulsion bitumin)

| ക്രമ നം. | ഇൻവോയ്സ് നം./തിയതി | ബാരലുകളുടെ എണ്ണം | ആകെ വില |
|---|---|---|---|
| 1 | 1696/4-3-2017 | 35 (rs1) | 259315 |
| 2 | 1801/6-3-2017 | 84 (rs1) | 251906 |
| 3 | 2337/14-3-2017 | 28 (ss1) | 338397 |
| ആകെ | | 97 | 849618 |
| അനുവദിച്ച തുക | | | 871017 |
| എണ്ണ കമ്പനികളുടെ കൈവശമുള്ള തുക | | | 21399 |

ലഭ്യമായ ടാർ 11 കരാറുകാർക്ക് 36 പ്രവൃത്തികൾക്കായി അനുവദിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

എണ്ണ കമ്പനികളുടെ കൈവശമുള്ള തുക 323233 രൂപ (301834+21399) തിരികെ ലഭ്യാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.6/24-8-2017 നുള്ള മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-19 വിവിധ പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫോറങ്ങളുടെ വില ജില്ലാ പഞ്ചായത്തിൽനിന്നും പഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ്

അഞ്ച് ലക്ഷത്തിനു മുകളിൽ അടങ്കലുള്ള വിവിധ പ്രവൃത്തികൾക്ക് ഇ-ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭ്യമായ ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പനനികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. 2016-17

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറങ്ങളുടെ എണ്ണം | ടെണ്ടർ ഫോറത്തിന്റെ വില | വാറ്റ് | ടെണ്ടർ തിയതി |
|---|---|---|---|---|---|---|
| 1 | 115/17-ചക്കുണ്ട് താമരപ്പിള്ളി റോഡ് പുനരുദ്ധാരണം | 60000 | 2 | 2400 | 120 | 26-12-2016 |
| 2 | 97/17- വില്ലേജ് ഓഫീസ് ചേലക്കാട്ടു കുന്ന് റോഡ് റീ ടാറിംഗ് | 575000 | 3 | 3600 | 180 | |
| 3 | 99/17- മുളന്തനോട് പരുവാശ്ശേരി റോഡി റീടാറിംഗ് | 550000 | 2 | 2200 | 110 | |
| 4 | 102/17-മന്ദം കൊടിക്കാട്ട് കാവ് റോഡി റീ ടാറിംഗ് | 775000 | 2 | 3200 | 160 | |
| 5 | 93/17-ഗാന്ധി സ്മാരക സ്കൂൾ റോഡ് റീ ടാറിംഗ് | 555000 | 2 | 2400 | 120 | |
| 6 | 106/17- വാക്കോട് തിരുവറ റോഡ് റീടാറിംഗ് | 600000 | 2 | 2400 | 120 | |
| 7 | 92/17-മംഗലം തെക്കേതറ റോഡ് പുനരുദ്ധാരണം | 720000 | 3 | 4500 | 225 | |
| 8 | 116/17-നെല്ലിയാം പാടം മുളന്തനോട് റോഡ് റീടാറിംഗ് | 550000 | 3 | 3300 | 165 | |
| 9 | 132/17-നായർതറ റോഡ് ലിങ്ക് റോഡ് പുനരുദ്ധാരണം | 585000 | 4 | 4800 | 240 | |
| 10 | 67/17-ചേരുംകോട് റോഡ് കോളനി കുടിവെള്ള പദ്ധതി | 750000 | 2 | 3000 | 150 | |

| | | | | | | |
|---|---|---|---|---|---|---|
| 11 | 94/17-മൂച്ചിതൊടി കോളനി റോഡ് പുനരുദ്ധാരണം | 875000 | 3 | 5400 | 270 | |
| 12 | 91/17-അനക്കപ്പാറ തെക്കേവഴി റോഡ് പുനരുദ്ധാരണം | 600000 | 3 | 3600 | 180 | |
| 13 | 107/17-ഏറാട്ട് പറമ്പ് മിച്ചാരം കോട് റോഡ് നവീകരണം | 810000 | 2 | 3400 | 170 | 8-2-2017 |
| 14 | 86/17-ചേരുംകോട് റോഡ് കോളനി റോഡ് | 710000 | 2 | 3000 | 150 | |
| 15 | 124/17-അടിയത്ത് പാടം തറ റോഡ് | 525000 | 2 | 2200 | 110 | |
| 16 | 87/17-തച്ചാംകുന്ന് കണ്ണംകുളം റോഡ് | 660000 | 2 | 2800 | 140 | |
| 17 | 162/17-ചാമപ്പറമ്പ് വൃദ്ധ വിശ്രമ കേന്ദ്രം നവീകരണം | 612400 | 2 | 2600 | 130 | |
| 18 | 166/17-വീട്ടിക്കൽ കോളനി റോഡ് | 550000 | 2 | 2200 | 110 | |
| 19 | 71/17- കമ്മാന്തറ ഡ്രൈനേജ് നിർമ്മാണം | 1000000 | 2 | 4000 | 200 | 22-3-2017 |
| 20 | 227/17- ചോഴിയംകാട് കുടിവെള്ള പദ്ധതി | 800000 | 3 | 4800 | 240 | |
| 21 | 70/17-ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം | 2000000 | 3 | 7500 | 375 | |
| ആകെ | | | | 73300 | 3665 | |

2. 2015-16

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറങ്ങളുടെ എണ്ണം | ടെണ്ടർ ഫോറത്തിന്റെ വില | വാറ്റ് | ടെണ്ടർ തിയതി |
|---|---|---|---|---|---|---|
| 1 | കണ്ണിയാർകുന്ന മലബാർ ക്ലബ്ബ് റോഡ് | 500000 | 2 | 2000 | 100 | 30-9-2015 |
| 2 | പടിഞ്ഞാറേകളം പെട്ടാംപറമ്പ് ഫാം റോഡ് | 600000 | 2 | 2400 | 120 | |
| 3 | പ്രധാനി കണ്ണംകുളം റോഡ് | 1205000 | 2 | 5000 | 250 | |
| 4 | അഞ്ചുമൂർത്തിമംഗലം വടക്കേത്തറ റോഡ് | 700000 | 2 | 2800 | 140 | |

| | | | | | | |
|---|---|---|---|---|---|---|
| 5 | ചോഴിയൻകാട് കുടിവെള്ള പദ്ധതി | 500000 | 2 | 2000 | 100 | |
| 6 | പോത്തപാറ ഞാറമ്പൻകുളമ്പ് റോഡ് | 500000 | 2 | 2000 | 100 | |
| 7 | കമ്മാന്തറ റോഡ് | 1000000 | 2 | 4000 | 200 | |
| 8 | ഖരമാലിന്യ സംസ്കരണം .യൂണിറ്റ് | 2654891 | 2 | 10000 | 500 | |
| ആകെ | | | | 30200 | 1510 | |

ടെണ്ടർ ഫോറങ്ങളുടെ ആകെ വില – 103500 (73300 + 30200)

തുക ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാറ്റ് തുക 5175 (3665+1510) വിൽപ്പന നികുതി വകുപ്പിനും ഒടുക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.6/24-8-2017 നുള്ള മറുപടിയിൽ തുക പഞ്ചായത്തിലേക്ക് ലഭ്യമാക്കുന്നതാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഓഫീസിൽ നിന്നും അറിയിച്ചിട്ടുള്ളതായി സൂചിപ്പിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-20 മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2016-17 വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മരാമത്ത് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 95/17-കിഴക്കേതറ ഒറക്കുന്നം തറ റോഡ് റീടാറിംഗ്<br>അടങ്കൽ - 315000<br>കരാർ തുക - 315000<br>കരാറുകാരൻ - ശ്രീ.പി.ഗംഗാധരൻ | 28-12-2016 | 10-1-2017 | 19-1-2017<br>നം. 32 | 3150 |
| 2 | 96/17-പഞ്ഞാംപറമ്പ് കൈതോളത്തറ റോഡ് റീടാറിംഗ്<br>അടങ്കൽ - 315000<br>കരാർ തുക - 315000<br>കരാറുകാരൻ - ശ്രീ.പി.ഗംഗാധരൻ | 28-12-2016 | 10-1-2017 | 19-1-2017<br>നം. 33 | 3150 |
| 3 | 99/17-മുളന്തനോട് പരുവാശ്ശേരി റോഡ് റീടാറിംഗ്<br>അടങ്കൽ - 555000<br>കരാർ തുക - 548955<br>കരാറുകാരൻ - ശ്രീ.ആർ.ശശിധരൻ | 28-12-2016 | 10-1-2017 | 31-1-2017<br>നം. 51 | 5490 |
| 4 | 102/17-മന്ദം കൊടിക്കാട്ടുകാവ് റോഡ് റീടാറിംഗ്<br>അടങ്കൽ - 775000<br>കരാർ തുക - 773373<br>കരാറുകാരൻ - ശ്രീ.ആർ.ശശിധരൻ | 28-12-2016 | 10-1-2017 | 31-1-2017<br>നം. 52 | 7734 |
| 5 | 88/17-വട്ടുകൻതൊടി റോഡ് പുനരുദ്ധാരണം<br>അടങ്കൽ - 390000<br>കരാർ തുക - 390000<br>കരാറുകാരൻ - ശ്രീ.കെ.എൽ.കൃഷ്ണൻകുട്ടി | 28-12-2016 | 10-1-2017 | 28-1-2017<br>നം. 48 | 3900 |
| 6 | 115/17-ചക്കുണ്ട് താമരപ്പിള്ളി റോഡ് പുനരുദ്ധാരണം | 28-12-2016 | 10-1-2017 | 28-1-2017<br>നം. 50 | 5989 |

| | | | | | |
|---|---|---|---|---|---|
| | അടങ്കൽ - 600000<br><br>കരാർ തുക - 598560<br><br>കരാറുകാരൻ - ശ്രീ.കെ.എൽ.കൃഷ്ണൻകുട്ടി | | | | |
| 7 | 98/17-ഗാന്ധി സ്മാരക സ്കൂൾ കണ്യാർ കുന്നം റോഡ് റീടാറിംഗ്<br><br>അടങ്കൽ - 550000<br><br>കരാർ തുക - 548735<br><br>കരാറുകാരൻ - ശ്രീ.ബിജു എം മാത്യു | 28-12-2016 | 10-1-2017 | 28-1-2017<br><br>നം. 46 | 5487 |
| 8 | 206/17-കറ്റംകോട് റോഡ് റീടാറിംഗ്<br><br>അടങ്കൽ - 435000<br><br>കരാർ തുക - 435000<br><br>കരാറുകാരൻ - ശ്രീ.ബിജു എം മാത്യു | 28-12-2016 | 10-1-2017 | 28-1-2017<br><br>നം. 44 | 4350 |
| 9 | 167/17-ഇടംനായർ കുന്ന് റോഡ് റീടാറിംഗ്<br><br>അടങ്കൽ - 498000<br><br>കരാർ തുക - 498000<br><br>കരാറുകാരൻ - ശ്രീ.ബിജു എം മാത്യു | 28-12-2016 | 10-1-2017 | 28-1-2017<br><br>നം. 40 | 4980 |
| 10 | 204/17-കണ്യാർകുന്നം കുടിവെള്ള പദ്ധതി<br><br>അടങ്കൽ - 200000<br><br>കരാർ തുക - 200000<br><br>കരാറുകാരൻ - ശ്രീ.സി.പ്രവീൺകുമാർ | 28-12-2016 | 10-1-2017 | 23-1-2017<br><br>നം. 30 | 2000 |
| 11 | 203/17-പൂക്കാട് കുടിവെള്ള പദ്ധതി<br><br>അടങ്കൽ - 250000<br><br>കരാർ തുക - 250000<br><br>കരാറുകാരൻ - ശ്രീ.സി.പ്രവീൺകുമാർ | 28-12-2016 | 10-1-2017 | 23-1-2017<br><br>നം. 31 | 2500 |
| ആകെ | | | | | 48730 |

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 20/29-8-2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഉത്തരവാദിത്തത്തിൽ കരാറുകാരിൽ നിന്നും തുക ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-21 എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനിയർ കരാറുകാരുമായി ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥ നം. 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ അഞ്ചിലൊന്നു സമയം (20%) കൂടി പിഴ കൂടാതെ പ്രവൃത്തി തുടരുവാൻ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന 3 മാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തികൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്തികൊണ്ടും മാത്രമേ കാലാവധി നീട്ടി നൽകാവൂ എന്ന് വ്യവസ്ഥയുണ്ട്.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി പിഴ ഈടാക്കാതെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പന്നിയങ്കര ജി.എൽ.പി.എസ് നവീകരണം

| | |
|---|---|
| പ്രൊ.നം. 171/16 (14/17) | അടങ്കൽ- 176350 രൂപ<br>കരാർ തുക - 176350രൂപ |
| എഗ്രിമെന്റ് നം. - 46/6-8-2015 | |
| ചെലവ് - 176350 രൂപ | ബിൽ നം.3/ 22-11-2016 |
| കരാറുകാരൻ - ശ്രീ. കെ.കുമാരൻ | അളവ് പുസ്തകം നം. 13/16 |

31-3-2016 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി സ്കൂൾ അവധി സമയത്ത് പൂർത്തീകരിക്കുന്നതിനായി 31-5-2016 വരെ ദീർഘിപ്പിച്ചു നൽകുവാൻ കരാറുകാരൻ അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 14-10-2016 നാണ്. 1-6-2016 മുതൽ 13-10-2016 വരെയുള്ള കാലയളവിലെ പിഴ ഈടാക്കാതെ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| എഗ്രിമെന്റ് തിയതി | 6-8-2015 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ടി യിരുന്ന തിയതി | 31-5-2016 |
| യഥാർത്ഥത്തിൽ പൂർത്തീകരിച്ച തിയതി | 14-10-2016 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 1-6-2016 മുതൽ 31-8-2016 വരെ - 176350 *1/100 = 1764<br>1-9-2016 മുതൽ 14-10-2016 വരെ - 176350 *2/100 * 44/90 = 1724 |

| | |
|---|---|
| | ആകെ - 3488 |
| ഈടാക്കിയത് | 0 |
| ഈടാക്കുവാൻ ബാക്കിയുള്ള പിഴ | 3488 രൂപ |

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 20/29-8-2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഉത്തരവാദിത്തത്തിൽ കരാറുകാരിൽ നിന്നും തുക ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 434547 | ഉഴവുകൂലി | 434547 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 240000 | ട്രൈസ്കൂട്ടർ -ജനറൽ | 0 | 240000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 140000 | ട്രൈസ്കൂട്ടർ -എസ്.സി | 0 | 140000 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1013943 | ഉഴവുകൂലി | 1013943 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | മിൽക്ക് ഇൻസന്റീവ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 300000 | ബയോഗ്യാസ് | 150000 | 150000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| വൈദ്യുതി ബോർഡ് | 142/17- തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | തനത് ഫണ്ട് | 392200 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | |

| | | | | | | |
|---|---|---|---|---|---|---|
| | 228/15-തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 28/28-2-2017 | 190800 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | |
| | 210/16-സ്ട്രീറ്റ് മെയിൻ നീട്ടൽ | 38/28-3-2017<br>42/29-3-2017<br>36/27-3-2017 | 490000<br>24500<br>29325<br>---------<br>543825 | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | |
| | 229/15-സമ്പൂർണ്ണ വൈദ്യുതീകരണം | 29/28-2-2017 | 87000 | 87000 | - | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 5000 രൂപ ഈടാക്കിയിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2012-13&13-14 | 2-1 (ഭാഗികം) | 3750 | 11601400011/12-7-2016 | മാനേജർ, ഇന്ത്യൻ ബാങ്ക് |
| 2012-13&13-14 | | 1250 | 11601104846/11-7-2016 | മാനേജർ, ബിവറേജസ് കോർപ്പറേഷൻ |
| ആകെ | | 5000 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | - | 2005-06 | 2.5.3.1 | കടമുറി വാടക കുടിശ്ശിക | ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അന്തിമ തീരുമാനം ആയിട്ടില്ല. |
| 2012-13 | അവ ലോകനം | 2014-15 | 4.1 വിഷയാധിഷ്ഠിത അവലോകനം | നിഷ്ക്രിയാസ്തികൾ | ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടില്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 87849582 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88633032 |
| വരവിനങ്ങളിലുള്ള നഷ്ടം | 6919 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 52218 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 520000 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5(2)(ബി) | 800 | - | ശ്രീ.ടി.കണ്ണൻ, സെക്രട്ടറി |
| 2-6(ബി) | 1519 | - | ശ്രീ.ടി.കണ്ണൻ, സെക്രട്ടറി |
| 3-7 | 4600 (ടെണ്ടർ ഫോറം വില) | - | ശ്രീ.ടി.കണ്ണൻ, സെക്രട്ടറി |
| 3-20 | - | 48730 (Fine) | ശ്രീ.അനൂപ്.കെ.എം, അസി. എഞ്ചിനിയർ |
| 3-21 | - | 3488 (Fine) | ശ്രീ.അനൂപ്.കെ.എം, അസി. എഞ്ചിനിയർ |
| ആകെ | 6919 | 52218 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-11(എ) | 270000 | ശ്രീ.ടി.കണ്ണൻ, സെക്രട്ടറി |
| 3-11(സി) | 200000 | ശ്രീ.ജി.ഹരിദാസ്, അസി. സെക്രട്ടറി |
| 3-12 | 50000 | ഡോ.ജയന്ത്.വി.ആർ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| ആകെ | 520000 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | സ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| 2-3 | 266532രൂപ | ശ്രീ.ടി.കണ്ണൻ, സെക്രട്ടറി | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-1, 2-6

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ടി.കണ്ണൻ, സെക്രട്ടറി | സീനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ്, പാലക്കാട് യൂണിറ്റ് | ശ്രീകൃഷ്ണ മന്ദിരം, പരുവാശ്ശേരി, വടക്കഞ്ചേരി, പാലക്കാട്-678686 |
| ശ്രീ.അനൂപ്.കെ.എം, അസി. എഞ്ചിനിയർ | അസി. എഞ്ചിനിയർ വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | കക്കാട്ടുമന, അളഗപ്പനഗർ (പി.ഒ), തൃശ്ശൂർ-680302 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP9-307/98/26-8-1998 | 31 |
| 1997-98 | LFP10-908/99/26-05-2000 | 25 |
| 1998-99 | LFP10-487/2002/4-6-2002 | 10 |
| 2000-01 | LFP10-1056/06/08.10.07 | 12 |
| 2000-01 | LFP10-1394/07/6-10-2010 | 13 |
| 2001-02 | LFP10-427/2010(1)/21-01-2011 | 7 |
| 2002-03 | LFP10-1545/2010(1)/21-01-2011 | 3 |

| | | |
|---|---|---|
| 2003-04 | LFP10-277/2011/17-3-2011 | 17 |
| 2004-05 | LFP10-1547/09/13-10-2010 | 7 |
| 2005-06 | LFP10-1548/09(1)/21-1-2011 | 3 |
| 2006-07 | LFP10-1549/09(1)/21-1-2011 | 6 |
| 2007-08 | LFP10-1064/14/7-5-2014 | 9 |
| 2008-09 | LFP10-544/15/3-6-2015 | 4 |
| 2009-10 | LFP10-2054/13/4-12-2013 | 8 |
| 2010-11 | LFP10-1269/13/17-11-2014 | 12 |
| 2011-12 | KSA PKD-10/1948/14/22-9-2015 | 6 |
| 2012-13 & 2013-14 | KSA PKD-10/1620/15/5-6-2017 | 13 |
| 2014-15 | KSA PKD-10-1390/16/4-4-2017 | 5 |
| 2015-16 | KSA PKD-10-164/17/30-1-2017 | 15 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ.

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി. പി10-1682/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്.

തിയതി 16.09.2017.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്.ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.

2. വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. ബജറ്റ് ഫങ്ക്ഷൻ, ഫങ്ക്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കുന്നുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

5. വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള തുക മാറുന്നതിനായി വി.ഇ.ഒ യുടെ പേരിലുള്ള എസ്.ബി.ഐ അക്കൗണ്ടിൽ ബാങ്കിൽ നിലവിൽ 123863 രൂപ നീക്കിയിരിപ്പുണ്ട്.

6. താഴെ പറയുന്ന ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ അവസാനിപ്പിച്ചിട്ടില്ല.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നം. | അക്കൗണ്ട്സ് പ്രകാരം അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | എസ്.ബി.ഐ (എൻ.എം.ബി.എസ് അക്കൗണ്ട്) | 1023 | 88923 |
| 2 | എസ്.ബി.ഐ (പൈക്ക അക്കൗണ്ട്) | 0615 | 136547 |
| 3 | ആലത്തൂർ സബ് ട്രഷറി<br>വി.പി.എഫ്.എ - III_6 | - | 13289 |
| 4 | കേരള ഗ്രാമീൺ ബാങ്ക് | 2669 | 91125 |

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD 10-1682/2017

Kerala State Audit Department,

District Audit Office,Palakkad.

Date 16.09.2017.

## Audit Certificate

Certified that I have audited the Annual Financial Statement of Vadakkencherri Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Vadakkencherri Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director.

Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.

2. Arrear and current demand, Collection, Balance amounts shown in AFS not in agreement with data prepared by Sanchaya Software.
3. Even though the Budget is prepared on Function, Functionary basis, it is not linked with Sankhya.

4. There is a closing balance of Rs. 123863 in the SBI account of VEO, which was used to transfer fund of Individual Beneficiaries.
5. The following un operating accounts have not been closed.

| Sl. No | Bank/Treasury | Account number | Balance Amount as per AFS |
|---|---|---|---|
| 1 | SBI (NMBS Account) | 1023 | 88923 |
| 2 | SBI (PIKA Account) | 0615 | 136547 |
| 3 | Alathur Sub Treasury-VPFA- III_6 | - | 13289 |
| 4 | Kerala Gramin Bank | 2669 | 91125 |

Deputy Director.

# അനുബന്ധം 2

# 2015-16, 2016-17 വർഷങ്ങളിലെ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം വിലയിരുത്തൽ

I. 2015-16 വർഷം

എ. വികസന ഫണ്ട്, മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ബഡ്ജറ്റ് അലോട്ട് മെന്റ് (അപ്പ ന്റിക്സ് IVപ്ര കാരം) | മുൻ ബാക്കി | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ) | ചെലവ് % | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 12199000 | 3148661 | 10871567 | 14020228 | 13120615 | 94 | 899613 |
| വികസന ഫണ്ട് എസ്. സി.പി | 8884000 | 2882897 | 6912825 | 9795722 | 8998664 | 92 | 597058 |
| വികസന ഫണ്ട് ടി. എസ്.പി | 45000 | 0 | 45000 | 45000 | 45000 | 100 | 0 |
| സംര ക്ഷണ ഗ്രാന്റ് റോഡ് | 12402000 | 570347 | 12249060 | 12819407 | 12598734 | 98 | 220673 |
| സംര ക്ഷണ ഗ്രാന്റ് നോൺ റോഡ് | 4135000 | 711350 | 3148755 | 3860105 | 3860105 | 100 | 0 |
| 14-ാം ധന കാര്യ കമ്മീ ഷൻ ഗ്രാന്റ് | 6205000 | 2100901 | 6840135 | 8941036 | 6819478 | 76 | 2121558 |
| ലോക ബാങ്ക് സ ഹായം | 0 | 4611554 | 0 | 4611554 | 4523240 | 98 | 88314 |
| ആകെ | 43870000 | 14025710 | 40067342 | 54093052 | 49965836 | 92 | 0 |

ബി. കെ.എൽ.ജി.എസ്.ഡി.പി ഫണ്ട് വിനിയോഗം

2015-16 വർഷത്തിൽ ലോകബാങ്ക് സഹായമായി തുകയൊന്നും ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. തൻവർഷം മുൻബാക്കിയിൽ നിന്ന 98% തുക ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക സർക്കാരിലേക്ക് തിരികെ പോയിട്ടുണ്ട്.

സി. ധനകാര്യ കമ്മീഷൻ വിനിയോഗം കാര്യക്ഷമമല്ല

തൻവർഷം 76 % തുക മാത്രമാണ് ഈ ഇനത്തിൽ ചെലവഴിച്ചിട്ടിള്ളത്.

ഡി. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ്

ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും വികസന ഫണ്ട് (സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി, കെ.എൽ.ജി.എസ്.ഡി.പി ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്), മെയ്ന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ അനുവദിക്കപ്പെട്ട തുകയുടേയും ചെലവഴിച്ച തുകയുടേയും വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | വകയിരുത്തിയ തുക | ചെലവ് | തൻവർഷത്ത ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 3103200 | 2983185 | 96 |
| വെറ്ററിനറി സർജ്ജൻ | 3 | 3 | 850000 | 850000 | 100 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 4 | 990000 | 886133 | 90 |
| മെഡിക്കൽ ഓഫീസർ-ISM | 2 | 2 | 480000 | 476928 | 99 |
| വി.ഇ.ഒ - 1 | 2 | 0 | 0 | 0 | 0 |
| വി.ഇ.ഒ - 2 | 4 | 2 | 2520000 | 1720000 | 68 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 6 | 2436400 | 2428822 | 100 |
| സെക്രട്ടറി | 46 | 32 | 7963123 | 7277046 | 91 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 157 | 136 | 29503356 | 27803619 | 94 |
| എച്ച്.എം | 2 | 2 | 99500 | 95170 | 96 |
| അസി. സെക്രട്ടറി | 21 | 11 | 8169130 | 5444933 | 67 |
| ആകെ | 258 | 204 | 56114709 | 49965836 | 89 |

ഇ. ചെലവ് ശതമാനം

നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട പ്രൊജക്റ്റുകളിൽ 79% എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിക്കപ്പെട്ട തുകയിൽ 89% തുക ചെലവഴിച്ചിട്ടുണ്ട്.

സേവന മേഖലയിലെ ഭൂരിഭാഗം പദ്ധതികളുടെ നടപ്പിലാക്കുന്ന വി.ഇ.ഒ മാരുടെ ചെലവ് തൻ വർഷം വളരെ കുറവാണ്. 68% തുക മാത്രമാണ് വി.ഇ.ഒ മാർ ചെലവഴിച്ചിട്ടുള്ളത്.

എസ്.സി വിഭാഗം പ്രൊജക്റ്റുകളുടെ നടത്തിപ്പ് ചുമതലയുല്ള അസി. സെക്രട്ടറിയുടെ ചെലവ് 67% മാത്രമാണ്.

2015-16 വർഷത്തിൽ ഫണ്ട് വിനിയോഗം പൊതുവ കാര്യക്ഷമമായിരുന്നു എന്ന് വിലയിരുത്തുന്നു.

II. 2016-17 വർഷം

എ. വികസന ഫണ്ട്, മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ബഡ്ജറ്റ് അലോട്ട്മെന്റ് (അപ്പന്റിക്സ് IVപ്രകാരം) | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ചെലവ് % | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 12105000 | 13192647 | 13192647 | 13192647 | 100 | 0 |
| വികസന ഫണ്ട് എസ്.സി.പി | 9950000 | 5438744 | 5438744 | 5438744 | 55 | 4511256 |
| വികസന ഫണ്ട് ടി.എസ്.പി | 50000 | 50000 | 50000 | 50000 | 100 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 13657000 | 9450479 | 9450479 | 9450479 | 69 | 4206521 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 4553000 | 1546000 | 1546000 | 1546000 | 34 | 3007000 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7453000 | 3270296 | 3270296 | 3270296 | 44 | 4182704 |
| ലോക ബാങ്ക് സഹായം | 88314 | 3297093 | 3297093 | 3297093 | 100 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | 47856314 | 36245259 | 36245259 | 36245259 | 76 | 15907481 |

(*) പൊതുവിഭാഗം ഫണ്ടിലും ലോക ബാങ്ക് സഹായത്തിലും അധിക വിഹിതം ലഭ്യമായിട്ടുണ്ട്.

ബി. ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല

എസ്.സി.പി, മെയ്ന്റനൻസ് ഗ്രാന്റ് (റോഡ്, നോൺ റോഡ്), ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളുടെ ചെലവ് ശതമാനം തൃപ്തികരല്ല.

സി. ലോകബാങ്ക് സഹായത്തിന്റെ വിനിയോഗം

2015-16 വർഷത്തിൽ സർക്കാരിലേക്ക് തിരികെ പോയ കെ.എൽ.ജി.എസ്.ഡി.പി ഫണ്ടിൽ (ലോക ബാങ്ക്) 88314 രൂപ സ.ഉ(എം.എസ്) നം.797/2017/ഫിൻ തിയതി 1-2-2017 പ്രകാരം തിരികെ ലഭിച്ചിട്ടുണ്ട്. അധിക വിഹിയമായി 3208779 രൂപയും ലഭ്യമായിട്ടുണ്ട്. ആയത് പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

ഡി. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ്

ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും വികസന ഫണ്ട് (സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി, കെ.എൽ.ജി.എസ്.ഡി.പി ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്), മെയ്ന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ അനുവദിക്കപ്പെട്ട തുകയുടേയും ചെലവഴിച്ച തുകയുടേയും വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | അലോട്ട്മെന്റ് | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 2953200 | 2803334 | 95 |
| വെറ്ററിനറി സർജ്ജൻ | 2 | 2 | 60000 | 58950 | 98 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 4 | 780000 | 534841 | 69 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീസർ-ISM | 2 | 2 | 660000 | 655700 | 99 |
| വി.ഇ.ഒ -1 | 1 | 1 | 1260000 | 980000 | 78 |
| വി.ഇ.ഒ -2 | 4 | 3 | 1889400 | 1669400 | 88 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 3 | 3115000 | 3067019 | 98 |
| സെക്രട്ടറി | 34 | 22 | 4490391 | 3179959 | 71 |
| അസിസ്റ്റന്റ് | 126 | 71 | 33465304 | 16796345 | 50 |

| | | | | | |
|---|---|---|---|---|---|
| എഞ്ചിനിയർ | | | | | |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 650000 | 647025 | 100 |
| എച്ച്.എം | 3 | 3 | 997995 | 997086 | 100 |
| അസി.സെക്രട്ടറി | 18 | 6 | 9610699 | 4705600 | 49 |
| ആകെ | 208 | 127 | 60081989 | 36245259 | 60 |

ഇ. ചെലവ് ശതമാനം

നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട പ്രൊജക്റ്റുകളിൽ 61% എണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർക്കായി നീക്കിവെച്ച തുകയിൽ 60% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

അസി.സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനിയർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ യഥാക്രമം 50%, 49% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

2015-16 വർഷത്തേക്കാൾ 16% കുറവായാണ് തൻവർഷത്തെ ഫണ്ട് വിനിയോഗിച്ചിട്ടുള്ളതെന്നത് ആശാവഹമല്ലെന്ന് വിലയിരുത്തുന്നു.

പദ്ധതി പ്രവർത്തനങ്ങൾ സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ആരംഭിക്കുകയും ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കുകയും ചെയ്താൽ ഫണ്ട് വിനിയോഗത്തിൽ പുരോഗതി കൈവരിക്കുവാൻ സാധിക്കുമെന്ന് വിലയിരുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.